
Registered No. M-4485 | Madras War Review, Malayalam—6-4-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ഏപ്രിൽ 6-ാംനു, വെള്ളിയാഴ്ച [ലക്കം 30



## സ്മരണീയമായ ആ സമരം

വിസ്തൃതമായ 'ചവണ' പ്രയോഗത്താൽ റൂർ വളയപ്പെട്ടതു്, അതിന്നകത്തുപെട്ട ശത്രുക്കളുടെ വിധിയ്ക്കു മുദ്രവെച്ചിരിക്കുന്നു. അവർ ഉന്മൂലനാശത്തിന്നു പക്വമായിവരികയാണു്.

ഏറ്റവും പ്രധാനമായ ഈ വൈയവസായിക പ്രദേശം ജർമ്മൻ യുദ്ധ സംരംഭങ്ങൾക്കു് നഷ്ടപ്പെട്ടു.

ആയുധശക്തിയുടെ ഈ സവിശേഷമായ അത്ഭുതപ്രകടനം യുദ്ധത്തിന്റെ അവസാനം ആസന്നമാക്കിവരുന്നു. ഈ സമരം ചരിത്രത്തിൽ സ്മരണീയമായ ഒന്നായിരിക്കും—റൈൻ സമരം.

ജനറൽ ഡി. ഡി. ഐസൻഹോവർ, 1945 ഏപ്രിൽ 3-ാം നല്കിയ ഒരുത്തരവിൽ

# മാണ്ഡലെ വിജയം—മദ്രാസികളുടെ വിജയം

മാണ്ഡലെയിലേക്കുള്ള കുതിക്കൽ കാലാൾപ്പടയുടെതായിരുന്നു. എന്നാൽ എഞ്ചിനിയർമാർക്കും അതിലുള്ള പങ്ക് കുറച്ചൊന്നുമല്ല. മദ്രാസിൽനിന്നും ബോമ്പേയിൽനിന്നുമുള്ള സാപ്പർമാർ ഈ ഉദ്യമത്തിൽ ചെയ്ത കൃത്യങ്ങൾ അഭിനന്ദനാർഹങ്ങളത്രേ.

മെലിഞ്ഞു, നാണംകുണുങ്ങിയായ മദ്രാസി രാവും പകലും പണിയെടുക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. ആയാൾ കുപ്പായം അഴിച്ചുവെച്ചിരിക്കുന്നു; ആയാളുടെ ശ്യാമളദേഹം സൂര്യപ്രഭയിൽ മിന്നുന്നു.

പുഴകൾ കടക്കുന്നതിന്നു, പ്രത്യേകിച്ചും ഐരാവതി നദിയെപ്പോലെയുള്ള ലോകത്തിലെ ഏററവും മികച്ച ജലപ്രതിബന്ധം തരണം ചെയ്യുന്നതിന്നു അവർ സാദ്ധ്യമാക്കി. നാടൻ വള്ളങ്ങളാൽ ചങ്ങാടമുണ്ടാക്കി പല നദികളും തോടുകളും കടന്നുപോവുന്നതിന്നു ഭടന്മാരെ അവർ സഹായിച്ചിട്ടുണ്ട്.

സാപ്പർ, നൂറുക്കണക്കിൽ പാലങ്ങൾ കേട്ടതീർക്കുന്ന സാപ്പർ, മററെല്ലാരെക്കാളും മുന്നിലാണ്. മുന്നണി ഭടന്മാർക്കു വെള്ളം നൽകുകയും സ്വരക്ഷയെ വിഗണിച്ചു മൈനുകളും ബൂബിട്രാപ്പുകളും കണ്ടുപിടിച്ചു നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാവിധ യന്ത്രങ്ങളുമെടുത്തു നൈപുണ്യത്തോടെ പെരുമാറുന്ന ഒരു ടെക്'നിഷ്യനാണ് മദ്രാസി.

—ബർമ്മയിൽനിന്നു ഒരു മുന്നണി സൈനിക നിരീക്ഷകൻ 1945 മാർച്ച് 25-ാംനു ചെയ്ത ഒരു റിപ്പോർട്ടിൽനിന്ന്.

## അവരത്ര ആലോചിച്ചില്ല

210 വാര ദൂരെ നിന്നുള്ള ശത്രുക്കളുടെ വെടിവെപ്പിനെ കുന്നിയും കൂസാതെ ഒരു സംഘം മദ്രാസ് സാപ്പേഴ്സും മൈനേഴ്സും, ന്യങ്ങ്‌വന്നടുത്തുള്ള "ബെയിലി" പാലം രാത്രിയിൽ പണിചെയ്തു. നിലാവെളിച്ചത്തു ജാപ്പുകൾക്കു അവരെ കാണാമായിരുന്നു. വിശാഖപട്ടണത്തുകാരനായ ജമേദാർ അപ്പാറാവുവിൻെറ നേതൃത്വത്തിൽ അഞ്ചുമണിക്കൂറിട കൊണ്ടു മദ്രാസ് സാപ്പർമാർ പാലം നിർമ്മിച്ചു.

പാലങ്ങൾ പൊളിച്ചുകളഞ്ഞാൽ നമ്മുടെ പുരോഗതിക്കു വിഘാതം നേരിടുമെന്നു ശത്രു വിശ്വസിച്ചു. എന്നാൽ മദ്രാസികളായ സാപ്പർമാർ ഉണ്ടെന്നു അവർ അത്ര ആലോചിച്ചില്ല.

—ബർമ്മരംഗത്തിൽനിന്നുള്ള ഒരു സൈനിക നിരീക്ഷകൻെറ റിപ്പോർട്ട്.

---

# ഇന്ത്യക്കാർ ഒഡേസ്സയിൽ

(നീന മിലിട്'സിന.)

മാർച്ച്മാസം ആദ്യത്തിൽ ഒഡേസ്സ തുറമുഖത്തിൽ വല്ലാത്ത തിക്കും തിരക്കും ബഹളവുമായിരുന്നു. അനവധിയായിരം സഖ്യപക്ഷീയരായ യുദ്ധത്തടവുകാരെ അവിടെ അക്കാലത്തു് ഇറക്കുകയുണ്ടായി. വടക്കെ ആഫ്രിക്ക, സിസിലി, ക്രീററ്, പടഞ്ഞാറൻ സമരരംഗം എന്നീയിടങ്ങളിൽനിന്നു ജർമ്മൻകാരാൽ പിടിക്കപ്പെട്ട ഭടന്മാരായിരുന്നു അവർ. പല രാജ്യക്കാരും, വേഷക്കാരും, ഭാഷക്കാരും ഇവരിലുൾപ്പെട്ടിരുന്നു—അമേരിക്കക്കാർ, ബ്രിട്ടീഷുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ ഇങ്ങിനെ പലരും. ഇക്കൊല്ലം ഫെബ്രുവരിയിൽ ചുവപ്പുസേന ജർമ്മനിയിലേക്കു തള്ളിക്കയറിയപ്പോൾ ഇവരെല്ലാംതന്നെ സ്വതന്ത്രരാക്കപ്പെട്ടു. ജർമ്മൻകാർ ഈ തടവുകാരെ ഒഴിച്ചുകൊണ്ടുപോകാൻ ശ്രമിച്ചെങ്കിലും, ആവക സംരംഭങ്ങളിലൊന്നുംതന്നെ അവർ വിജയിച്ചില്ല.

ഒഡേസ്സ തുറമുഖത്തു വന്നിറങ്ങിയ ഈ ഭടസഞ്ചയത്തിൽ, ഒരു പ്രത്യേക വേഷക്കാരെ ഞാൻ കണ്ടു. അവരെൻെറ ശ്രദ്ധയെ ആകർഷിച്ചു. അവരുടെ മുഖസൌന്ദര്യവും, ഉടുപ്പും, തലപ്പാവും എന്നെ കലശലായ ഉൽക്കണ്ഠയിലേക്കു ഉന്തിയിട്ടു.

"ഇവർ സിക്കുകാരാണ്." തമാശക്കാരനായ അമേരിക്കൻ ഭടൻ എന്നോടു പറഞ്ഞു: "അവരുടെ മേധാവി ഭംഗിയിൽ ഇംഗ്ലീഷ് സംസാരിക്കും. തീർച്ചയായും നിങ്ങളോട് കുറച്ചൊന്നു സൊല്ലുന്നതിന്നു ആയാൾക്കു വിസമ്മതമുണ്ടാവുകയില്ല" അങ്ങിനെ ഞങ്ങൾ തമ്മിൽ പരിചിതരായി. ദിയാൻസിങ്ങ് ബ്രി. സേനയിലെ ഒരു നോൺകമ്മീഷൻറ് ആഫീസറായിരുന്നു. നീണ്ടു മെലിഞ്ഞു, കറുത്ത ശ്മശ്രുക്കളോടുകൂടിയ ആയോധാവ് കോമളനും ആജാനബാഹുവുമായിരുന്നു. അദ്ദേഹത്തിന്നു വൈദ്യപരിശീലനവും ലഭിച്ചിട്ടുണ്ട്.

"യുദ്ധത്തിന്നു മുൻപ് നിങ്ങൾക്ക് എന്തായിരുന്നു ജോലി?" ഞാൻ ചോദിച്ചു.

ആയാൾ മന്ദസ്മിതം തൂകി. വീട്ടിലെ സ്മരണകൾ ആയാളുടെ ഹൃദയത്തിൽ ഇക്കിളിയിളക്കിയിട്ടുണ്ടായിരിക്കണം. അമൃതസറിന്നടുത്തുള്ള ഒരു ഗ്രാമത്തിൽ കൃഷികവൃത്തിയിൽ ഉപജീവിച്ചിരുന്ന ഒരാളാണ് താൻ എന്നു ദിയാൻസിങ്ങ് എന്നെ മനസ്സിലാക്കി. "ഞങ്ങളുടെ രാജ്യം വളരെ വലുതാണ്" അദ്ദേഹം പറഞ്ഞു, "നിങ്ങൾ പഞ്ചാബിൽ—അഞ്ചു നദികളുള്ള ആ രാജ്യത്തു വരികയും, അങ്ങിനെ ഞങ്ങൾക്കു നിങ്ങൾ റഷ്യക്കാർ നൽകിയ ആതിഥ്യത്തിന്നു വേണ്ടി എന്തെങ്കിലും ചെയ്യുവാൻ കഴിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു."

വയലിൽ, സിങ്ങിൻെറ പത്നി ആയാളെ പ്രതീക്ഷിച്ചിരിക്കുന്നുണ്ടാവും. "ഞാൻ വളരെയധികം രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്" ആയാൾ പറഞ്ഞു തുടങ്ങി, "1942 ൽ ടോബ്രുക്കിൽവെച്ച് ഞാൻ ഒരു യുദ്ധത്തടവുകാരനാക്കപ്പെട്ടു. നോർത്ത് ആഫ്രിക്കയിലേക്കും ഇററലിയിലേക്കും ജർമ്മൻകാർ ഞങ്ങളെ കൊണ്ടുപോയി, അതിന്നുശേഷം ശപിക്കപ്പെട്ട ജർമ്മനിയിലേക്കും." സിങ്ങ് വളരെയധികം ദുരിതങ്ങൾ അനുഭവിച്ചിട്ടുണ്ട്. തൻെറ മററുള്ള സഖാക്കളെക്കാളും വിഷമതകളും വിശപ്പും സഹിക്കുന്നതിന്നുള്ള കരുത്തും കരുത്തുറപ്പും അദ്ദേഹത്തിനുണ്ട്. "റഷ്യയിൽ—വസന്തത്തിൽ വളരെയധികം ശീതമുള്ള ഈ രാജ്യത്തിൽ—നിങ്ങൾക്കെങ്ങിനെ തോന്നുന്നു." "റഷ്യൻ മൈത്രിയും, റഷ്യൻ മേൽക്കുപ്പായങ്ങളും ഞങ്ങളെ ഊഷ്മളമാക്കുന്നു." സഗൺ എന്ന ജർമ്മൻ നഗരത്തിൽ സിങ്ങ് ഒരു ആസ്പത്രിയിൽ പണിയെടുക്കുകയായിരുന്നപ്പോഴാണ് ചുവപ്പുസേന ആ നഗരം അധീനമാക്കിയതു്. ചുവപ്പുസേനയുടെ ആഗമനത്തോടെ ഇവർ സ്വതന്ത്രരായി.

തടവു ക്യാമ്പുകളിൽ ഒരുപടി ഇന്ത്യക്കാർ നരകയാതനയനുഭവിക്കുന്നു. സിങ്ങുമായുള്ള എൻെറ സംഭാഷണത്തിന്നുശേഷം, ഞാൻ മറെറാരു ഇന്ത്യൻ ഭടനുമായി സംസാരിക്കയുണ്ടായി. എനിക്ക് ആയാളുടെ പേർ ഓർമ്മയില്ല. വല്ലാത്ത ചില സ്വരങ്ങൾ അതിലുണ്ടായിരുന്നതിനാൽ, എനിക്കാ പേരിനെപ്പററി കേട്ടമാത്രയിൽപ്പോലും യാതൊരെത്തും പിടിയും കിട്ടിയില്ല.

അമേരിക്കൻ പടയിലെ ക്യാപ്'ററൻ റിച്ചാർഡ് റോസ്'ബാച്ച് ഇന്ത്യൻ യുദ്ധത്തടവുകാരോടുള്ള ജർമ്മൻകാരുടെ നിന്ദ്യമായ പെരുമാററത്തെപ്പററി പറഞ്ഞു. അവരെക്കൊണ്ട് എന്തു പണിയെടുപ്പിക്കുന്നതിന്നും ജർമ്മൻകാർ മടിച്ചിരുന്നില്ല. ഇന്ത്യൻ ഭടന്മാർ അതിനെല്ലാം, വിസമ്മതിച്ചു. ജർമ്മൻകാർ എല്ലാവരേയും നായിനെപ്പോലെ വെടിവെച്ചു വീഴ്ത്തുമെന്നു ഭീഷണിപ്പെടുത്തി.

ജർമ്മൻകാർ, റഷ്യക്കെതിരായി യുദ്ധം ചെയ്യുന്നതിന്നും ഈ ഭടന്മാരെ നിർബ്ബന്ധിച്ചു. ഒരൊററ ഇന്ത്യൻ ഭടൻപോലും അതിന്നു ഒരുമ്പെട്ടില്ല. എങ്ങിനെ ഒരുമ്പെടും?

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1945 ഏപ്രിൽ 6-ാംനു, വെള്ളിയാഴ്ച

## വിജയത്തിലേക്ക

സഖ്യപക്ഷമുന്നണികളിൽനിന്നു ദിനംതോറും അസംഖ്യം വാൎത്തകൾ പുറത്തുവരുന്നു. തന്മൂലം ആളുകൾക്കു് മുഴുവൻ മനസ്സിലാക്കുവാൻ കൂടി അസാദ്ധ്യമായിത്തീൎന്നിട്ടുണ്ടു്. ശത്രു പരാജിതനായി; പക്ഷെ അതു സമ്മതിക്കുന്നതിന്നു സൽബുദ്ധി അവൎക്കില്ല. നാസിമൃഗം പ്രഹരങ്ങളേറ്റു പരക്കംപായുന്നു; പിടഞ്ഞുരുണ്ടു നിലവിളിക്കുന്നു.

കനേഡിയൻ ഒന്നാം സേനയും, ബ്രി. രണ്ടാം സേനയും, ഓസ്നബ്രൂക്കിനെ സമീപിച്ചുവരുന്നു. അവർ ഡോൎട്ട്മണ്ട്-എംപ്സ് തോടു കടന്നു കഴിഞ്ഞു. ജനറൽ പാറ്റന്റെ നേതൃത്വത്തിലുള്ള മൂന്നാം അമേരിക്കൻ സേന ജൎമ്മൻ തലസ്ഥാനത്തിന്നു 150 നാഴിക അടുത്തെത്തിയിരിക്കുന്നു. മൂന്നാം സേനയിലെ മറ്റു ചില വിഭാഗങ്ങൾ ബവേറിയൻ ഡാന്യൂബ് താഴ്വരയിലൂടെ ആസ്ത്രിയയെ ലക്ഷ്യംവെച്ചു പോകുന്നു.

സഖ്യശക്തികളുടെ അപാരമായ സൈനികബലംകൊണ്ടുമാത്രമല്ല, ജൎമ്മനിയുടെ ഹൃദയത്തിലേക്കു് ആഞ്ഞുകയറുവാൻ സാധിച്ചതു്. ജൎമ്മൻ സൈനികബലത്തിന്നു് തട്ടിയ കോട്ടവും ഇതിന്നു ഹേതുഭൂതമായിട്ടുണ്ടു്. ജൎമ്മൻകാരുടെ സൈന്യത്തിൽ പകുതിയും നാശഗൎത്തത്തിൽ പതിച്ചിരിക്കുന്നു. ജൎമ്മൻ ബലത്തിന്റെ ഈ ക്ഷയം കാരണമായി, അടുത്ത അവസരത്തിൽ എന്തു തന്നേയും സംഭവിക്കാനിടയുണ്ടു്. ജൎമ്മൻകാർ റൈൻ നദി അവൎക്കനുകൂലവും അതേ സമയത്തു് സഖ്യപക്ഷത്തിന്നു പ്രതികൂലവുമായ ഒരു പ്രതിബന്ധമാകുമെന്നു വിശ്വസിച്ചിരുന്നു. അതു് ഒരു മിത്ഥ്യാബോധം മാത്രമാണെന്നു സംഭവപരമ്പരകൾ കാണിച്ചു. മാൎച്ച് 27-ാം തിയ്യതി സുപ്രീം അലൈഡ് കമാണ്ടർ ഐസൻഹോവർ പ്രസ്താവിച്ചു, "റൈനിന്റെ വടക്കു ഭാഗത്തുള്ള ജൎമ്മൻകാരെ നശിപ്പിച്ചതു് ഈ യുദ്ധത്തിലെ വിജയങ്ങളിൽവെച്ചു് ഏറ്റവും വമ്പിച്ചതത്രെ" ഇന്നു നാം കാണുന്നതെന്താണു്? സഖ്യപക്ഷം ജൎമ്മനിയിൽ കടന്നു കയറുന്നതാണു്. "ജൎമ്മൻ പ്രതിരോധം മുഴുവനും തകൎന്നുപോയി എന്നു ഒരു ദിവസം നിങ്ങളോടു പറവാൻ എനിക്കു സാധിക്കും." ജനറൽ ഐസൻഹോവർ വിശ്വാസപൂൎവ്വം പ്രഖ്യാപിക്കയുണ്ടായി. ഇതു ഒരുഗ്രസമരമാണു്, നാസിസത്തെ മുഴുവനും നശിപ്പിക്കുന്നതിന്നുള്ള സമരം. ഈ ഉദ്ദേശം സാധിച്ചുകഴിഞ്ഞാൽ ഉടൻതന്നെ യൂറോപ്പിലെ യുദ്ധം അവസാനിക്കും—അതേവരെയും സന്ധിയില്ല, സമാധാനമില്ല, വിശ്രമമില്ല, വിട്ടുവീഴ്ചയില്ല.

അപ്പോൾ, നാസിനേതാക്കന്മാർ എന്തു ചെയ്യാനാണു് ഭാവം? അവർ ജനങ്ങളുടെ മനോധൈൎയ്യത്തെ ആളിക്കത്തിക്കുന്നതിന്നും നിലനിൎത്തുന്നതിന്നും ഉറ്റു ശ്രമിച്ചുവരുന്നു. റേഷണിങ്ങ് കൌപ്പൺ ജനങ്ങൾക്കു വിതരണം ചെയ്യുന്നു. പക്ഷെ, ഭക്ഷണസാമഗ്രികൾ കിട്ടാതെ കൌപ്പൺ കൊണ്ടുള്ള ഫലമെന്താണു്? അവ വെറും കടലാസു തുണ്ടുകൾ മാത്രമല്ലേ? "ബൎല്ലിനിൽനിന്നുള്ള ഒരു റേഡിയോ പ്രക്ഷേപണത്തിൽ പ്രസ്താവിക്കുകയുണ്ടായി, ജൎമ്മനിയിൽ ഒരു പുതിയ സംഘടന രൂപീകരിക്കരിച്ചതായിട്ടു്—ചെന്നായ സംഘം! മറ്റുള്ളവരുടെ രക്തം കുടിച്ചു മാംസവും കടിച്ചുതിന്നു തടിച്ചു കൊഴുത്തുവന്ന ഒരു കൂട്ടം ചെന്നായ്ക്കളാണു് നാസികൾ. അതു് അവർതന്നെ സമ്മതിക്കുന്നു. എന്തെല്ലാം പരാക്രമങ്ങളും, വികൃതികളും കാണിച്ചാലും, നാസി കുറ്റവാളികൾക്കു രക്ഷപ്പെടാൻ യാതൊരു വഴിയുമില്ല.

ഇപ്രാവശ്യം ജൎമ്മനി പാഠം പഠിക്കുകതന്നെ ചെയ്യും. ലോകമേധാവിത്വം, വൎഗ്ഗീയത, നോൎഡിസിസം, ജൂതവിരോധം, കോൺസെൻട്രേഷൻ ക്യാമ്പുകൾ, മരണശാലകൾ ഇങ്ങിനെയുള്ള നിരവധി നിൎദ്ദയവും നീചവുമായ വ്യവസ്ഥകളും സ്ഥാപനങ്ങളും രൂപീകരിച്ചതു് ജൎമ്മൻ നാസികളാണു്. ജൎമ്മൻകാർ ചെയ്ത ഈ അപരാധം ചില്ലറയൊന്നുമല്ല. ജൎമ്മൻകാർ യുദ്ധം അഭിലഷിച്ചു; യുദ്ധം പരിപാവനമാണെന്നു പാടിപ്പുകഴ്ത്തി. ഇന്നവൎക്കു അതു് വേണ്ടോളം കിട്ടുന്നു; അവർ മൂക്കോളം ഭുജിക്കട്ടെ. ഇതെല്ലാം അഭിലഷണീയമോ, ആദരണീയമോ അല്ല. പക്ഷെ ജൎമ്മൻകാൎക്കു് അതു് കിട്ടിയേ കഴിയൂ. അവർ യുദ്ധത്തിന്നു വേണ്ടി ശാഠ്യം പിടിച്ചു. ഫീൽഡ്മാൎഷൽ മണ്ട്ഗോമറി പറഞ്ഞ മാതിരി, വേട്ട ആരംഭിച്ചിരിക്കുന്നു, ഒരൊറ്റ മനുഷ്യചെന്നായയ്ക്കും ഇതിൽനിന്നു രക്ഷപ്പെടുവാൻ സാധ്യമല്ല.

# അവൾ

(മിസിസ് എം. ഗോവിന്ദൻ)

I

ജനകീയത്വമെന്നുവെച്ചാൽ ജനങ്ങളുടെ ഭരണമാണു്. ഒരു രാഷ്ട്രം എത്രമേൽ ജനകീയമാണെന്നുള്ള നിൎണ്ണയിക്കൽ അതിന്റെ ഭരണകാൎയ്യങ്ങളിൽ ജനങ്ങൾ എത്രമാത്രം പങ്കെടുക്കുന്നുണ്ടു് എന്നു തോതു നോക്കിയാണു്. ഒരു യഥാൎത്ഥ ജനകീയ സമുദായത്തിൽ ജനങ്ങളാണു് പരമാധികാരികൾ; ജനങ്ങൾ അവരുടെ ജീവിതരീതി നിൎണ്ണയിക്കുന്നു; അവൎക്കു വേണ്ട നിയമങ്ങൾ നിൎമ്മിക്കുന്നു. ജനകീയഗവൎമ്മെണ്ടിൽ എല്ലാ വിഭാഗക്കാരായ ജനതകൾക്കും സമരീതിയിലുള്ള രാഷ്ട്രീയാവകാശങ്ങൾ ഉണ്ടാകേണ്ടതു് ആവശ്യമാണു്. അല്ലാത്തപക്ഷം, ഏതൊരു വിഭാഗത്തിന്നാണോ കൂടുതൽ അധികാരവും അവകാശവുമുള്ളതു്. അവർ മറ്റുള്ളവരുടെ മേൽ തങ്ങളുടെ അധികാരവും അഭിപ്രായവും ചുമത്താൻ ശ്രമിക്കും. രാഷ്ട്രത്തിലെ ഭരണകാൎയ്യങ്ങളിൽനിന്നു ഒരു രാജ്യത്തിലെ സ്ത്രീകൾ അകറ്റപ്പെടുന്നപക്ഷം, അവൎക്കു പ്രാഥമികമായ പൌരാവകാശങ്ങൾ നിഷേധിക്കപ്പെടുന്നപക്ഷം അവിടെ ജനാധിപത്യസമ്പ്രദായം സാദ്ധ്യമല്ല. സ്ത്രീകൾ ലോകത്തിൽ ജനസംഖ്യയിൽ അൎദ്ധഭാഗമുണ്ടു്; ചില രാഷ്ട്രങ്ങളിൽ താരതമ്യേന അവരാണു് എണ്ണത്തിൽ കൂടുതൽ. ഈ ഒരു ഗണനീയ വിഭാഗത്തെ പശ്ചാത്തലത്തിലേക്കു തള്ളിയാൽ, അതു് തീരെ അസംബന്ധവും, അനാശാസ്യവും അക്രമവുമാണു്.

പരിഷ്കൃത രാജ്യങ്ങളിൽകൂടി, പഴയ ആചാരങ്ങൾ, പഴഞ്ചൻ രീതികൾ, രാഷ്ട്രീയവും സാമ്പത്തികവുമായ കാരണങ്ങൾ ഇവയാൽ സ്ത്രീകളെ വീട്ടിന്നകത്തുതന്നെ അടഞ്ഞിരിക്കുന്നതിന്നു വിട്ടിരിക്കുന്നു. അമ്മയും ഭാൎയ്യയുമാവുക അതാണു് അവൎക്കു വിധിച്ചിട്ടുള്ള കൃത്യം. ജനകീയ രീതിയിൽ വളൎന്നുവരേണ്ട ഇളംതലമുറകളെ പരിപാലിച്ചുപോററിവരുന്നതിന്നുള്ള ഭാരം സ്ത്രീകളുടെതാണു്; എന്നാൽ അവൎക്കുമാത്രം ആ ജനകീയമായ രീതികളും സ്വാതന്ത്ര്യങ്ങളും അറിയുന്നതിന്നും അനുഭവിക്കുന്നതിന്നും പാടില്ലതാനും! "എല്ലാവരും നികുതി കൊടുക്കണം" എന്ന നിയമത്തിലെ "എല്ലാവരും" എന്ന പദത്തിൽ സ്ത്രീകളും ഉൾക്കൊള്ളുന്നുണ്ടു്. തങ്ങൾ ചെയ്ത കുറ്റത്തിന്നു് ഓരോരുത്തരും ശിക്ഷാൎഹരാവുമെന്നുള്ള ക്രിമിനൽ നിയമാവലിയിലെ "ഓരോരുത്തരും" എന്ന വാക്കിൽ സ്ത്രീകളും പെടുന്നുണ്ടു്. എന്നാൽ "സൎവ്വജനീനമായ" വോട്ടു് നടപ്പിൽ വരുത്തിയപ്പോൾ മാത്രം ആ "സൎവ്വജനീനത"യിൽനിന്നു സ്ത്രീകളെ അകററിക്കളഞ്ഞു. ചില സ്ഥലങ്ങളിൽ സ്ത്രീകൾക്കും വോട്ടവകാശം സിദ്ധിച്ചുവെങ്കിലും, എല്ലാ തുറകളിലുമുള്ള സമത്വം അവൎക്കു കൈവന്നില്ല.

സ്വയം സംതൃപ്തമെന്നു കൊട്ടിഘോഷിക്കപ്പെട്ടുവരുന്ന തറവാട്ടു സമ്പ്രദായവും കാരണവരുടെ സ്വേച്ഛാധിപത്യവും ആധുനിക ലോകത്തിൽനിന്നു മാഞ്ഞുവരികയാണു്. ഇന്നത്തെ ദശയിൽ തകൎന്നു താറുമാറാവുന്ന ചില സമ്പ്രദായങ്ങളും വ്യവസ്ഥകളുമാണു് അവ. പാശ്ചാത്യരാജ്യങ്ങളിൽ ഈ പരിവൎത്തനം വളരെ നേരത്തെതന്നെ സംഭവിച്ചു. ഇന്നും നമ്മുടെ നാട്ടിൽ വളരെ പരിപാവനമായി—അഥവാ കഴിഞ്ഞ ഒരു സുവൎണ്ണദശയുടെ അവശിഷ്ടങ്ങളായി കരുതിവരുന്നവയാണു് തറവാടുകൾ. ആ സമ്പ്രദായത്തിന്റെ മുരടു്—നാടുവാഴിത്ത രീതിയാണു്. രാജാവിന്റെ സ്വേച്ഛാധികാരം, അതിൽനിന്നു തന്നെയാണു് കാരണവൎക്കും അധികാരം ലഭിക്കുന്നതു്. അന്നത്തെ സാമൂഹ്യവ്യവസ്ഥയുടെ അവസാനത്തെ ഘടകങ്ങളാണു് ഇവ. ജനകീയ രീതിയുടെ പ്രചാരംകൊണ്ടു്, തറവാട്ടു ഭരണത്തിന്റെയും അടിസ്ഥാനമിളകി. എന്നാൽ, അതുകൊണ്ടും സ്ത്രീകൾക്കുള്ള സമത്വവും സ്വാതന്ത്ര്യവും കരഗതമായില്ല. അടിമയെപ്പോലെത്തന്നെ അപ്പോഴും അവൾ ചവിട്ടടിയിൽ കിടന്നു. കാരണം അന്നും സാമുദായിക രീതിയിൽ സ്വാതന്ത്ര്യം സാൎവ്വജനീനമായിരുന്നില്ല. അസ്വാതന്ത്ര്യം ഏതെങ്കിലും ഒരു തുറയിലുണ്ടായാൽ, അതിന്റെ പ്രത്യാഘാതങ്ങളും നിഴലുകളും സാമുദായികവ്യവസ്ഥയുടെ വിവിധവശങ്ങളിലും പ്രതിഫലിച്ചു കാണുന്നതാണു്.

എന്നാൽ സ്ത്രീകൾക്കു വേണ്ട സ്വാതന്ത്ര്യം എന്താണു്? ആ സ്വാതന്ത്ര്യത്തിന്നും മനുഷ്യത്വത്തിന്നു മുഴുവനും ആവശ്യമുള്ള സ്വാതന്ത്ര്യവും തമ്മിൽ വല്ല പൊരുത്തവുമുണ്ടോ? ഈ പൎയ്യാലോചനകൾ ഈ സന്ദൎഭത്തിൽ പ്രകൃതോചിതമായിരിക്കും. സ്ത്രീകളുടെ അടിമത്തം ഏതെങ്കിലും പുരുഷന്റെ വികൃതികൊണ്ടോ വിനോദശീലംകൊണ്ടോ സംഭവിച്ചതല്ല. അതിന്നു ചില മൌലിക കാരണങ്ങളുണ്ടു്—സാമ്പത്തികവും സാമൂഹ്യവുമായ കാരണങ്ങൾ. നാടുവാഴി സമ്പ്രദായത്തിന്റെ തൊണ്ടു പൊട്ടിത്തെറിച്ചപ്പോൾ സ്ത്രീക്കു് താരതമ്യേന കൂടുതൽ സ്വാതന്ത്ര്യം കൈവരാനെന്താണു് കാരണം? ആ സമ്പ്രദായത്തിന്റെ അടിസ്ഥാനങ്ങളായ സാമൂഹ്യനിയമങ്ങളും സദാചാരനിയമങ്ങളും തകൎന്നുപോയി. അവയ്ക്കു ഏതൊരു സാമ്പത്തികരീതിയുടെ നിലനില്പിന്റെ വേലികളായിരുന്നുവോ, ആ രീതി പൊളിഞ്ഞുപോയപ്പോൾ പഴയ ആചാരാനുഷ്ഠാനങ്ങളും സാമൂഹ്യബന്ധങ്ങളും അനാവശ്യമായിവന്നു. സമുദായത്തിലെ ഭൂരിപക്ഷം പേരെയും ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ, രാഷ്ട്രീയമായി സ്വതന്ത്രമാക്കിയ മുതലാളിത്വത്തിന്നു് സ്ത്രീയെ തനിച്ചു വിടാൻ സാദ്ധ്യമായില്ല. സൈനോന്തികമായ സമത്വവും സ്വാതന്ത്ര്യവും സ്ത്രീകൾക്കു അനുവദിച്ചുകൊടുക്കുന്നതിന്നു അവർ നിൎബ്ബന്ധിതരായി. പാശ്ചാത്യരാഷ്ട്രങ്ങളിലെ സ്ത്രീ ഇതിന്റെ ഫലങ്ങൾ ഇന്നു സമൃദ്ധമായി ആസ്വദിച്ചുവരുന്നു.

ഇന്ത്യ ഇന്നു വളരെ പിന്നണിയിലാണു്. ഒന്നര നൂററാണ്ടു മുമ്പു് പിന്നണിയിലാണു്. വൈയവസായിക വിപ്ലവം ഇവിടെ ആരംഭിക്കുന്നേ ഉള്ളു; ജനകീയരീതികളെപ്പററിയുള്ള ബോധം ഇനിയും ജനങ്ങളിൽ വളൎന്നു കഴിഞ്ഞിട്ടില്ല. സ്ത്രീസ്വാതന്ത്ര്യം, സമത്വം എന്നൊക്കെ ആവേശകരമായി വാദിക്കുകയും അതിന്നുള്ള ചില കൊച്ചു സംഘങ്ങൾ രൂപീകരിച്ചതുകൊണ്ടും സ്ത്രീക്കു അവളുടെ അവകാശങ്ങൾ ലഭിക്കയില്ല. സമുദായത്തിന്റെ പൊതുവേയുള്ള വികാസവും പുരോഗമനവുമാണു് അതിന്നുള്ള മാൎഗ്ഗം. അതുകൊണ്ടുമാത്രമേ സ്ത്രീക്കു് പുരോഗതിയുണ്ടായിട്ടുള്ളു.

# ആഴ്ചക്കുറിപ്പുകൾ

## സംഖ്യപക്ഷ നാവികസേനയാൽ വളയപ്പെട്ട ജപ്പാൻ

കഴിഞ്ഞ ആഴ്ചയിൽ പാസഫിക് രംഗത്തിൽ സഖ്യസേനകൾ ചെയ്ത സമര കൃത്യങ്ങളെപ്പററി ടോക്കിയോവിൽനിന്നു പ്രസ്താവനകൾ കേട്ടിരുന്നു. സഖ്യസേനകൾ അവരുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി വന്നിരുന്ന അവസരത്തിൽ, അതിന്നെതിരായി ജപ്പാനു പ്രസംഗിക്കുക മാത്രമേ സാധിച്ചുള്ളു! റിക്യു ദ്വീപു സമൂഹത്തിലെ ഏററവും വലുതായ ഒക്കിനാവ ദ്വീപിൽ സഖ്യസേനകൾ ഇറങ്ങി. ഫോർമോസയ്ക്കും ജപ്പാനും നടുവിൽക്കിടക്കുന്ന ഒരു ദ്വീപാണ് ഒക്കിനാവ. ഇവിടെനിന്നു ജപ്പാനിലേക്കു 325 നാഴികമാത്രമേയുള്ളു. ജപ്പാൻ ഇന്നു വളയപ്പെട്ടു കഴിഞ്ഞു. വടക്ക് അമേരിക്കൻ സേനകൾക്ക് അലൂട്ടിൻ ദ്വീപിൽനിന്നു കുറിൽസ് ദ്വീപുകളെ ആക്രമിക്കാം; ഇവോജിമയിലും സൈപ്പാനിലുംനിന്ന് അവർക്കു ദക്ഷിണകവാടങ്ങളെയും, റിക്യുവിൽനിന്നു തെക്കുപടിഞ്ഞാററൻ വശങ്ങളേയും അവർക്കു ആക്രമിക്കാം. അങ്ങിനെ ജപ്പാൻ തൻെറ വിദേശ സാമ്രാജ്യങ്ങളിൽനിന്ന് അകന്ന് ഒററതിരിക്കപ്പെട്ടു; സഖ്യപക്ഷ സേനകൾ നിപ്പൺ ദ്വീപുകളിലേക്കു അടുത്തു വരികയും ചെയ്യുന്നു. ഓരോന്നോരോന്നായി പാസഫിക് ദ്വീപുകളിലുണ്ടായ പടയിറക്കം ഹേതുവായി സഖ്യസേനകൾക്കു ഇങ്ങിനെ ജപ്പാനെ ചുററുവാൻ സാധിച്ചതു ഒരു അതിശയകരമായ സമരതന്ത്രമാണ്.

### ഒക്കിനാവയിലെ പടയിറക്കം

ഒക്കിനാവ വളരെ ചെറിയ ഒരു ദ്വീപല്ല. 70 നാഴിക നീളമുണ്ടതിന്ന്. കിഴക്കൻ കടൽ, നഗാസ്സി, ക്യൂഷ്യു, ഷാങ്ങ്ഹൈ ഇവയ്ക്കു മദ്ധ്യത്തിൽ ത്രികോണാകൃതിയിൽ സ്ഥിതിചെയ്യുന്ന ഒരു ദ്വീപാണിത്. ഷാങ്ങ്ഹായിലേക്കു ഇവിടെനിന്നു 450 നാഴിക ദൂരമേയുള്ളു. സഖ്യശക്തികളുടെ വിമാനങ്ങൾക്കു ഒരു ഇരയും കൂടിയായി. സഖ്യപക്ഷത്തിലെ സമരതന്ത്രജ്ഞന്മാർ ഒരു വമ്പിച്ച നേട്ടമാണ് ഒക്കിനാവയിൽ നേടുന്നതു്.

### തകരുന്ന ജപ്പാൻ, ഫാസിസത്തിൻെറ കട്ടപ്പിടിക്കൽ.

ജർമ്മനിയിലെപ്പോലെതന്നെ ജപ്പാനിലും ഫാസിസം അതിൻെറ എല്ലാ "വിശ്വരൂപ"ങ്ങളും എടുക്കുന്നുണ്ട്. മാർച്ച് 29-ാംനു ടോക്കിയോവിൽനിന്നു ഈ പ്രസ്താവന പുറപ്പെടുവിച്ചു "കൊറിയ, ജപ്പാൻ, ഫൊർമോസ, മഞ്ചൂറിയ എന്നീയിടങ്ങളിൽ നിവസിക്കുന്ന 17 വയസ്സിലധികം ചെന്ന യുവാക്കൾ, ഈ ഗൌരവതരമായ പരിത:സ്ഥിതികളെ പരിഗണിച്ചു, സൈനികസേവനത്തിന്നു സന്നദ്ധമാകണമെന്ന്." സൈനികപരമായ ഒരു കക്ഷിയുടെ ആവിർഭാവത്തിന്നുള്ള ലക്ഷണങ്ങളും ദൃശ്യമായിത്തുടങ്ങിയിരിക്കുന്നു. ഇതിന്നെല്ലാം പിന്നിൽ കിടക്കുന്ന രഹസ്യം, ജപ്പാനിലെ സ്ഥിതിഗതികൾ അനുദിനം വഷളാവുന്നു എന്നതാണ്. ജാപ്പു വിമാനശക്തി വളരെ ക്ഷയിച്ചിരിക്കുന്നു. സൈന്യങ്ങളാകട്ടെ നാനാരാജ്യങ്ങളിലുമായി ചിതറിക്കിടക്കുന്നു. വിനിസ്റ്റർ പ്രഭു പ്രസ്താവിച്ചമാതിരി "14,000 ഭടന്മാർ മാർഷൽ ദ്വീപുകളിലും, 50,000 പേർ കരോളിനിലും, 30,000 പേർ പാലുവിലും അകററപ്പെട്ടു കിടക്കുന്നു. ന്യൂഗിനിയയിലും, സോളമണിലും ഉള്ള 120,000 ജാപ്പു ഭടന്മാരെ വെടിപ്പാക്കുന്നതിന്നു ആസ്ത്രേല്യക്കാരും ശ്രമിച്ചുവരുന്നു. ജാപ്പാൻകാരുടെ സമരതന്ത്രം മുഴവനും അടിസ്ഥാനപ്പെടുത്തിയിരുന്നതു് അവരുടെ കടൽ സൈന്യശക്തിയിലാണ്. ഇന്ന് ആ സേനക്കു സമുദ്രത്തിലുള്ള ഒന്നാംകിട സ്ഥാനവും മേധാവിത്വവും നഷ്ടമായിരിക്കുന്നു.

### ബർമ്മാ യുദ്ധരംഗം.

പഴയ ബർമ്മ റോഡിലെ 70 നാഴികയോളം ഇപ്പോൾ സ്വതന്ത്രമാക്കിയിരിക്കുന്നു. മെമിയോവിലേക്കുള്ള റോഡും ഉടനെ കൈവശപ്പെടുത്തുന്നതായിരിക്കും. മാണ്ഡലെ, ഐരാവതി, മീട്കടല ഇവയുടെ മദ്ധ്യത്തിൽ ജാപ്പു സേനകൾ കിടന്നു നട്ടം തിരിഞ്ഞുഴലുന്നു. സഖ്യസേനകൾ അവരെ വല്ലാതെ ഞെക്കി ഞെരുക്കുന്നുമുണ്ട്. ബർമ്മരംഗത്തിലെ യുദ്ധങ്ങളിൽ വിമാനസേന ദിനംതോറും നിർവ്വഹിച്ചുവരുന്ന ജോലി ചെറുതൊന്നുമല്ല. ഈ ആഴ്ചയിലുണ്ടായ ബോമ്പാക്രമണത്താൽ റോഡുകൾ, റെയിലുകൾ, പാലങ്ങൾ മുതലായവ നാശമാവുകയും, സയാമിൽനിന്നു സൈനികഗതാഗതങ്ങൾക്കു സ്തംഭനം പററുകയും ചെയ്തിരിക്കുന്നു.

### ദുരിതനിവാരണ ശ്രമങ്ങൾ.

ബർമ്മയിലെ സമരമുന്നണിയുടെ പിന്നിലുള്ള പൌരന്മാരേയും വിസ്മരിച്ചിട്ടില്ല. 1944 മാർച്ച് 30-ാംനു കാണ്ഡിയിൽനിന്നുള്ള ഒരു പ്രഖ്യാപനത്തിൽ, പറയുകയുണ്ടായി, 8,450 ടൺ സാമാനങ്ങൾ പൌരന്മാർക്കായി നല്കപ്പെട്ടുവെന്ന്. അന്ന്, ഏതാണ്ടൊരു വർഷം മുമ്പ്, കുറച്ചു സ്ഥലം മാത്രമെ ബർമ്മയിൽ തിരിച്ചുപിടിക്കപ്പെട്ടിരുന്നുള്ളു. 1945 ജനുവരിയിലും, ഫെബ്രുവരിയിലും കൂടി 2,330 ടൺ സാമാനങ്ങൾ ബർമ്മയിലെ പൌരന്മാരുടെ ആവശ്യങ്ങൾക്കായി വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. 400 ൽ പ്പരം സിവിൽ അഫേഴ്സ് ഓഫീസർമാരും 101 മെഡിക്കൽ ആഫീസർമാരും ബർമ്മയിൽ പ്രവർത്തിച്ചുവരുന്നു. 50 ഡിസ്പെൻസറികളും, 26 ആസ്പത്രികളും രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

### പെരുത്ത ഒരു തുക!

ബ്രിട്ടനിലെ യുദ്ധകാലച്ചിലവ് 28,000,000,000 പവനാണ്. അതു ഉറുപ്പികയായി നോക്കൂ! അപ്പോഴെ അതിൻെറ മുഴുവനും ഗുരുത്വം മനസ്സിലാവുകയുള്ളൂ. ഒരു പെരുത്ത സംഖ്യയാണ് ഇതെന്നു മാത്രമെ തല്ക്കാലം ഞങ്ങൾ പറയുന്നുള്ളൂ.

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക






10 ടൺ ഘനമുള്ള ഒരു ബ്രിട്ടീഷ് ബോമ്പ്.

## അവർ വരാറായി

(പി. കെ. കടത്തനാട്ട്)

അവർ വരാറായി, നമ്മുടെ യോദ്ധാക്കൾ,
നവനവങ്ങളാ മാശയദായകർ
അടവി,യാഴി,യാകാശ, മെവിടെയും
അടരടിച്ചു മദിച്ചു ജയിച്ചവർ.

അവർ വരാറായി നാടിന്നഭിമാനം
വളരുമജ്ജയ കേതു പിടിച്ചതാ.
അടർകഴിഞ്ഞവസാനം മുദിതരായ്
വരികയാണവർ വിശ്രമിച്ചീടുവാൻ,

അവനിതന്നുടെ ശത്രുക്കളെയൊക്കെ-
യമപുരിയിലയച്ചു കഴിഞ്ഞവർ,
വിമല ശാന്തിതൻ വിഗ്രഹം വിശ്വത്തിൽ,
ശ്രമമിയന്നു പ്രതിഷ്ഠിച്ച കൂട്ടുകാർ,

അഭിനവമാം സമുദായ രീതിത-
ന്നടി പടുത്തു പടവെട്ടി നിന്നവർ
അവർ വരാറായി, താമസമില്ലിനി,
വിജയവേള പുലരേണ്ട നേരമായ്.

## ചിന്താ സരണി

(കെ. എം. കിട്ടുണ്ണി.)

ലോകമെ, നിന്നെ ഞാനോർത്തു—കുറെ
ശോകത്താൽ കണ്ണുനീർ വാർത്തു,
തുള്ളിത്തുളുമ്പും പ്രകൃതി—നോക്കി
കള്ളിയവൾതൻ വികൃതി.

പട്ടിണികൊണ്ടു വലഞ്ഞു—കൊച്ചു
കുട്ടികൾ പൊട്ടിക്കരഞ്ഞു.

എല്ലും തൊലിയുമല്ലാതെ—ചോര-
യെല്ലാം കുടിച്ചു വല്ലാതെ
മർത്ത്യരെ ഞെക്കിഞെരിച്ചു—കളി-
ക്കുത്തിൽ ദാരിദ്ര്യം ലയിച്ചു.

വേലയെടുക്കാൻ നിയമം—എന്നാൽ
വേതനം കിട്ടാൻ വിഷമം.

പട്ടിണി തൻെറ വലയിൽ—പെട്ടു
നട്ടംതിരിയും വഴിയിൽ
ഇല്ല സഹായമൊരല്പം—ഇതു
വല്ലാത്ത ലോകസങ്കല്പം!

സാധുക്കൾ വേലയെടുക്കാൻ—പണം
സംഭരിച്ചീടാൻ പ്രഭുക്കൾ!!

ഇല്ല ജഗത്തിൽ സമത്വം—മർത്ത്യ
രെല്ലാർക്കുമായ് ഭിന്നതത്വം
ജാതിപ്പിശാചിൻെറ വേട്ട,—മതം
ഭീതിപ്പെടുത്തുന്ന കോട്ട
ഇന്നിതു രണ്ടും തകർന്നാൽ—പിന്നെ
വന്നിടും സ്വർഗ്ഗമീബ്ഭൂവിൽ.

സൌഖ്യങ്ങളെല്ലാം നുകർന്നും—നല്ല
വിഖ്യാതിയെങ്ങും പുണർന്നും,
മേവിടുന്നുണ്ടൊരു വർഗ്ഗം—എന്നാൽ
പാവങ്ങൾക്കിന്നിവർ ദുർഗ്ഗം!

കീറത്തുണിത്തുണ്ടമേച്ചു—നാണം,
കാണാത്ത മട്ടിൽ മറച്ചു
കാളമുദരവുമായി—പണി-
ക്കാളകൾ പോവുകയായി!!

രോഗാതുരന്മാർ കിടന്നു—ദീന-
രോദനം ഹാ! മുഴക്കുന്നു!

എങ്കിലും ജീവകാരുണ്യം—ഭൂവി-
ലങ്കുരിക്കാത്ത ലാവണ്യം
വിത്തപ്രഭുക്കളെപ്പുൽകി—സാധു-
മർത്ത്യർക്കു മട്ടനമേകി,
യൌവ്വനത്തിൻെറ ഫലങ്ങൾ—മർത്ത്യ-
ജീവിതത്തിൻ മധുരങ്ങൾ
സ്വാർത്ഥതമാത്രം നിനച്ചു—കഷ്ടം!
വിത്തപ്രഭുക്കൾ കുടിച്ചു!!

* * *

ലോകമെ, നിൻെറ വിഭൂതി—സ്ഫുട-
പാകത്തിലാക്കി നിയതി
അന്ധകാരത്തിൽ ലയിച്ചു—സ്വാര്യ-
മെന്തെന്നില്ലാതെ പകച്ചു,
പാതകം പാരിൽ നിറഞ്ഞു—നീതി-
പാതകളെല്ലാമടഞ്ഞു

സത്യമർയ്യാദകൾ പോയി—ധർമ്മ-
മെത്രയും ദൂരത്തിലായി

തട്ടിപ്പറിയും കളവും—തുണ-
പൊട്ടിക്കലും നാട്ടിലേവം,
വർദ്ധിച്ചുവന്നു നിറഞ്ഞു—മർത്ത്യർ
വർഗ്ഗീയബോധം നിറഞ്ഞു
സദ്ധർമ്മമാർഗ്ഗം ത്യജിച്ചു—ലോകം
യുദ്ധക്കളമായ്ച്ചമച്ചു!!

സങ്കടരംഗം നമുക്കു—കാണാം
ബങ്കാളിലേക്കൊന്നു നോക്കൂ!

ക്ഷാമക്കൊടുംവെയിലേററു—എത്ര
കോമളപ്പൂക്കൾ ഞെട്ടററു!

പൈതങ്ങളെ പിരിഞ്ഞോടി—ചില
മാതാപിതാക്കളും കൂടി.
പ്രേയസിമാരെ വെടിഞ്ഞും—കുറെ
പോയി യുവാക്കൾ, ഹാ, പഞ്ഞം!!

പിഞ്ചുകിടാങ്ങളെ വിററും—ജന-
സഞ്ചയം പഞ്ചമകററി.

ആ രംഗമോരോന്നു മോർക്കൂ!—കുറെ
തോരാത്ത കണ്ണുനീർ വാർക്കൂ!!

* * *

പോയതുപോകട്ടെ മേലിൽ—നമ്മൾ
പോകണം മുന്നോട്ടു ചേലിൽ,
ജീവിതത്തിൻ ചക്രവാളം—പുതു-
താവണം, താവണം മേളം.

മർത്ത്യമഹത്വങ്ങളെങ്ങും—മന്നിൽ
സുസ്ഥിരമായ് തിങ്ങിവിങ്ങും,
മോഹനമാം സമുദായം—നമ്മ-
ക്കാഹവത്തിൻെറയാദായം!

പോരിൽ ചൊരിഞ്ഞിടും ചോര—വെറും
നാണയത്തുട്ടിനായ് പോര,
നവ്യതനണിവിണ്ണിൽ—അവ-
ഭവ്യനക്ഷത്രമായെണ്ണിൽ
വ്യർത്ഥമാകില്ലിന്നു ചെയ്യും—ഏതു
ധൂർത്തെഴമക്കടുങ്കയ്യും!

ഫാസിസത്തിന്നെഴും ഭസ്മം—നാളെ
ഭാസെഴും ഭാവിതൻ വേശ്മം.

നാളത്തെ നവ്യമാം ലോകം—രചി-
ച്ചാളുന്നൊരാളുകളാകാൻ
വീണ്ടും തുടരുക യുദ്ധം—അതി-
ബന്ധുര പ്രത്യാശാബദ്ധം!

# ഡംബാർട്ടൺ ഓക്സിൽനിന്നു സാൻഫ്രാൻസിസ്ക്കോവിലേക്ക്

(എൻ. ദാമോദരൻ)

രണ്ടു കൊല്ലങ്ങൾക്കുമുമ്പു യുദ്ധത്തിന്റെ നില സംഖ്യകക്ഷികൾക്കനുകൂലമായി വന്നതോടുകൂടി എല്ലാ രാഷ്ട്രീയ ചിന്തകന്മാരുടെയും പ്രധാന ചിന്താവിഷയം യുദ്ധാനന്തര പുന:നിർമ്മാണവും ഭാവിലോകസമാധാനവും ആയിരിക്കുന്നു. തൽഫലമായി നിരവധി അഖിലലോകപ്രാധാന്യമുള്ള സമ്മേളനങ്ങൾ ചേരുന്നതിന്നിടയായി; ഒട്ടേറെ അഭിപ്രായഗതികൾ മുന്നോട്ടു കൊണ്ടുവന്നു. ഏററവും പ്രധാനപ്പെട്ട ചില അഭിപ്രായങ്ങളാണു് കഴിഞ്ഞ ഒക്ടോബർ മാസത്തിൽ ഡംബാർട്ടൺ ഓക്സിൽവെച്ചു്, ബ്രിട്ടൻ, റഷ്യ, അമേരിക്ക, ചൈന എന്നീ രാജ്യങ്ങളിലെ പ്രതിനിധികളുടെ സമ്മേളനം പ്രഖ്യാപിച്ചിട്ടുള്ളതു്. അവ എന്താണെന്നു് നമുക്കു് സംക്ഷിപ്തമായി പരിശോധിക്കുക.

മുകളിൽ പറഞ്ഞ നാലു രാഷ്ട്രങ്ങൾ സമ്മേളനത്തിന്റെ തീരുമാനങ്ങളെ അംഗീകരിച്ചുവെന്നുതന്നെയല്ല, ഐക്യരാഷ്ട്രങ്ങളുടെ തികച്ചും പ്രാതിനിധ്യമുള്ള ഒരു സമ്മേളനത്തിൽ ആ തീരുമാനങ്ങൾ സമർപ്പിക്കുമെന്നും, ആവശ്യമായ മാററങ്ങൾ ഉൾക്കൊള്ളിക്കാമെന്നും തീരുമാനിയ്ക്കുകയുംകൂടി ചെയ്തിട്ടുണ്ടു്. സമ്മേളനത്തിലെ ആലോചനകൾ പ്രധാനമായി താഴെ പറയുന്ന സംഗതികളിലേക്കു ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടു്.

ഭാവിയുദ്ധത്തെ പരിപൂർണ്ണമായും ഉന്മൂലനാശം ചെയ്തു സമാധാനപരമായ ഒരു സാർവ്വദേശീയ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്നു ആവശ്യമായ നടപടികൾ എടുക്കുക, വേണ്ടിവരുമ്പോൾ സംഘടിതമായ ബലപ്രയോഗംകൊണ്ടുകൂടി ലോകസമാധാനത്തെ സുരക്ഷിതമാക്കുക.

സാമൂഹ്യവും സാമ്പത്തികവുമായ കുഴപ്പങ്ങളെ ഒരു സാർവ്വദേശീയമായ അടിസ്ഥാനത്തിന്മേൽ പരിഹരിച്ചു, മനുഷ്യന്റെ മൌലികമായ അവകാശത്തെയും, സ്വാതന്ത്ര്യത്തേയും മാനിക്കുക. ഈ ഉദ്ദേശ്യസാദ്ധ്യത്തിന്നു് എന്തെല്ലാം ഉപാധികൾ വേണ്ടിവരുമെന്നു സമ്മേളനം ആലോചിച്ചിട്ടുണ്ടു്.

എല്ലാ രാഷ്ട്രങ്ങൾക്കും ഓരോ വോട്ടവകാശത്തോടുകൂടിയ ഒരു പൊതുസഭ (General Assembly) യും; അമേരിക്ക, ബ്രിട്ടൻ, റഷ്യ, ഫ്രാൻസ്, ചൈന എന്നീ രാഷ്ട്രങ്ങൾ സ്ഥിരം പ്രാതിനിദ്ധ്യത്തോടും, ബാക്കി ആറു രാഷ്ട്രങ്ങൾക്കു രണ്ടു കൊല്ലത്തേക്കു മാത്രം നിലനില്ക്കുന്ന പ്രാതിനിദ്ധ്യത്തോടുകൂടിയതുമായ ആകെ 11 രാഷ്ട്രങ്ങളുടെ പ്രാതിനിദ്ധ്യമുള്ള ഒരു സംരക്ഷണ (Security Council) കൌൺസിൽ ഉണ്ടായിരിക്കും. ഇതിന്നു പുറമെ ഒരു സർവ്വ രാഷ്ട്രനീതിന്യായകോടതിയും ഉണ്ടായിരിക്കും. പ്രാപ്തരായ അംഗങ്ങളുള്ള ഒരു സിക്രട്ടറിയററ്; അതിന്നു ഒരു ജനറൽ സിക്രട്ടരി; മുമ്മൂന്നു കൊല്ലം കൂടുമ്പോൾ തിരഞ്ഞെടുക്കപ്പെടുന്ന 18 രാഷ്ട്രങ്ങളുടെ പ്രാതിനിദ്ധ്യമുള്ള ഒരു സാമൂഹ്യ-സാമ്പത്തിക കമ്മിററി; സ്ഥിരം പ്രാതിനിദ്ധ്യമുള്ള ആറു രാഷ്ട്രങ്ങളുടെ ഒരു പട്ടാള കമ്മിററി (ഇതിൽ മററുള്ളവർക്കും പങ്കു ചേരുന്നതിന്നു് വ്യവസ്ഥയുണ്ടു്) ഇതെല്ലാമുണ്ടായിരിക്കണമെന്നു് ഡംബാർട്ടൺ സമ്മേളനം ആലോചിച്ചു വെച്ചിട്ടുണ്ടു്.

എല്ലാ സമാധാനപ്രിയരായ രാഷ്ട്രങ്ങൾക്കും ഈ ആലോചനയിലിരിക്കുന്ന സർവ്വ രാഷ്ട്ര സംഘത്തിൽ അംഗങ്ങളാവാം. അംഗങ്ങളാവാത്ത രാഷ്ട്രങ്ങളെ സംരക്ഷണ കൌൺസിലിന്റെ ശുപാർശിയിന്മേൽ പൊതു സഭയിലേക്കു തിരഞ്ഞെടുക്കാം.

<u>ചുമതലകൾ.</u>—പൊതുനന്മയെ ഉദ്ദേശിച്ചു സാമൂഹ്യവും സാമ്പത്തികവുമായ കാർയ്യങ്ങളെ പഠിക്കുകയും, വിഷമങ്ങൾക്കു് ന്യായവും സമാധാനപരവുമായ പരിഹാരമാർഗ്ഗങ്ങൾ ശുപാർശി ചെയ്യുക, സ്ഥിരം അംഗങ്ങളല്ലാത്തവരെ 'സംരക്ഷണ കൌൺസിലിലേ' ക്കു തിരഞ്ഞെടുക്കുക, 'സംഘടന' യുടെ സാമ്പത്തിക ഉത്തരവാദിത്വം വഹിക്കുക തുടങ്ങിയ ചുമതലകൾ പൊതുസഭയ്ക്കാണു്.

സർവ്വ രാഷ്ട്രങ്ങളിലേക്കു നയിക്കാനിടയുള്ള കുഴപ്പങ്ങളേയും, തർക്കങ്ങളെയും അന്വേഷിക്കുകയും, അതിൽ പങ്കുകാരായ രാഷ്ട്രങ്ങളെ വിളിച്ചു കാർയ്യങ്ങൾ സമാധാനപരമായി തീർക്കുന്നതിന്നു അവരോടാവശ്യപ്പെടുകയും ആവശ്യമായ ഘട്ടങ്ങളിൽ പട്ടാളപരമായ ബലപ്രയോഗംകൊണ്ടുകൂടി ലോകസമാധാനത്തെ നിലനിർത്തുകയും ചെയ്യുക.

<u>പട്ടാളസഹായം.</u>— സംരക്ഷണകൌൺസിലിന്റെ അനുമതിയോടുകൂടി അംഗങ്ങളായ രാഷ്ട്രങ്ങൾ ഒരു പ്രത്യേക കരാറു മുഖേന പട്ടാളസഹായം ചെയ്യുക. അതിന്നുശേഷം ഏതെല്ലാം ശക്തി (Forces) കളെ ഉപയോഗിക്കണമെന്നും, ഏതു രാഷ്ട്രത്തിൽനിന്നു് എളുപ്പത്തിൽ പട്ടാളത്തെ സ്വീകരിക്കാൻ സാധിക്കുമൊ ആ രാഷ്ട്രത്തോടു സഹകരണം ആവശ്യപ്പെടുക, സംരക്ഷണകമ്മിററിയുടെ അധീനത്തിലുള്ള അത്തരം പട്ടാളത്തെ ഉപയോഗിക്കുന്നതിന്നുള്ള പദ്ധതികൾ 'പട്ടാള കമ്മിററി' യുടെ സഹായത്തോടുകൂടി തെയ്യാറാക്കുക. അംഗങ്ങളായ രാഷ്ട്രങ്ങളിൽനിന്നു ലഭിച്ച സൈന്യം സംരക്ഷണ കൌൺസിലിന്റെ ഉത്തരവാദിത്വത്തിൽ വെയ്ക്കുക. സായുധീകരണം, നിരായുധീകരണം ഇവയെപ്പററി പട്ടാളക്കമ്മിററിയുടെ ഉപദേശത്തോടുകൂടി കാർയ്യങ്ങൾ നടത്തുക തുടങ്ങിയ നിർദ്ദേശങ്ങളാണു് സമ്മേളനം പുറപ്പെടുവിച്ചിട്ടുള്ളതു്.

<u>സർവ്വ രാജ്യ കോടതി.</u>—'സംഘടന' യുടെ ഏററവും മികച്ച നിയമസംഘടനയാണു് Court of Justice. നിയമങ്ങൾക്കും, ചട്ടങ്ങൾക്കുമനുസരിച്ചു സർവ്വരാജ്യകോടതിയിലെക്കയച്ച തർക്കങ്ങളിന്മേൽ അതു വിധികല്പിക്കുന്നതായിരിക്കും. ഇതിന്നു പുറമെ സംരക്ഷണ കൌൺസിലിന്റെ അപേക്ഷയനുസരിച്ചു മററു തരത്തിലുള്ള തർക്കങ്ങളെപ്പററിയും ഉപദേശിക്കുന്നതിന്നു സർവ്വരാജ്യ കോടതിക്കധികാരമുണ്ടു്.

<u>സാമൂഹ്യ സാമ്പത്തിക കൌൺസിൽ.</u>—പൊതു സഭയുടെ അധികാരത്തിൻ കീഴിൽ ഈ ഘടകത്തിനു് താഴെ പറയുന്ന ഉത്തരവാദിത്വങ്ങളുണ്ടു്. സാർവ്വലൌകികസാമൂഹ്യസാമ്പത്തിക വിഷമങ്ങൾക്കു പരിഹാരങ്ങൾ നിർദ്ദേശിക്കുക, മനുഷ്യ സ്വാതന്ത്ര്യത്തേയും അവകാശത്തേയും മാനിക്കുക, ഐക്യരാഷ്ട്രങ്ങളുടെ ഭക്ഷണം, കൃഷി തുടങ്ങിയ വിഭാഗങ്ങൾ, സർവ്വരാജ്യ തൊഴിലാളി സംഘം, ബാങ്ക്, പുന:നിർമ്മാണം, വിദ്യാഭ്യാസം, ആരോഗ്യം, സാംസ്കാരിക സഹകരണം തുടങ്ങിയ വിഭാഗങ്ങളെപ്പററിയുള്ള പ്രത്യേക ഉത്തരവാദിത്വം ഈ കൌൺസിലിന്നാണു്.

ബ്രിട്ടൻ, റഷ്യ, അമേരിക്ക, ഫ്രാൻസ് ചൈന എന്നീ രാഷ്ട്രങ്ങൾ Security Councilൽ സ്ഥിരം പ്രാതിനിദ്ധ്യം കൊടുക്കാൻ, അവ പ്രാപ്തികൊണ്ടും ഉപകരണങ്ങളെകൊണ്ടും മികച്ച രാഷ്ട്രങ്ങളാണെന്നാണു് സമ്മേളനം കാരണം പറയുന്നതു്. എന്നാൽ അതേ അവസരത്തിൽ മററു രാഷ്ട്രങ്ങളുടെ ഉള്ളഴിഞ്ഞ സഹായത്തെ സമ്മേളനം പ്രതീക്ഷിച്ചിട്ടുണ്ടു്. പൊതുസഭയിൽ എല്ലാ രാഷ്ട്രങ്ങൾക്കും തുല്യ പ്രാതിനിദ്ധ്യമുള്ളതുകൊണ്ടും, സംരക്ഷണ കൌൺസിലിലേക്കു ആറു അസ്ഥിരം സ്ഥാനങ്ങൾ ഉള്ളതുകൊണ്ടും, കോർട്ട് ഓഫ് ജസ്റ്റീസിലേക്കുള്ള സ്ഥാനങ്ങൾകൊണ്ടും എല്ലാ തീരുമാനങ്ങളിലും, നടപടികളിലും ചെറു രാഷ്ട്രങ്ങൾക്കു പങ്കുണ്ടെന്നു സമ്മേളനം സമാധാനിക്കുന്നു.

<u>ലീഗ് ഓഫ് നേഷ്യൻസിൽനിന്നുള്ള വ്യത്യാസം.</u>—ഈ പുതിയ സംഘടനക്കു സാമ്പത്തികമായും, സാമൂഹ്യമായും, സൈനികമായും വിപുലമായ അധികാരങ്ങൾ നൽകുന്നതുകൊണ്ടും, സംരക്ഷണ കൌൺസിലിന്നു പ്രത്യേക അധികാരങ്ങൾ ഉള്ളതുകൊണ്ടു ഭരണഘടനാപരമായ വ്യത്യാസങ്ങൾകൊണ്ടും സർവ്വരാജ്യ സഖ്യ (League of Nations)ത്തിൽനിന്നും വ്യത്യാസമുണ്ടത്രെ. ഈ ആലോചനയിലിരിക്കുന്ന സംഘടനയിൽ അംഗങ്ങളാവാത്ത രാജ്യങ്ങളുടെ കാർയ്യത്തിലും ഇടപെടുന്നതിന്നു ഈ സംഘടനക്കധികാരമുണ്ടു്.

ഇതിന്നും പുറമെ, എല്ലാ പ്രധാന പ്രശ്നങ്ങളെപ്പററിയും ആലോചിക്കുക, പരിഹാരങ്ങൾ നിർദ്ദേശിക്കുക, നടപടികളെടുക്കുക തുടങ്ങിയ കാർയ്യങ്ങൾ പ്രത്യേക സംഘടനകൾ രൂപവൽകരിക്കുന്നുണ്ടു്. പട്ടാളപരമായി വിപുലമായ അധികാരങ്ങൾ ഇതിന്നു് നൽകപ്പെട്ടിട്ടുണ്ടു്. സർവ്വരാഷ്ട്ര സഖ്യത്തിന്നാകട്ടെ ഇതിന്നെല്ലാംകൂടി ഒരു കൌൺസിൽമാത്രമേ ഉണ്ടായിരുന്നുള്ളു. ഇതിന്നും പുറമെ League of Nations വേർസ്സേൽസ് കരാറിനെയും മററും അടിസ്ഥാനപ്പെടുത്തി രൂപവൽകരിക്കപ്പെട്ടതാണു്. ഇതു അത്തരത്തിലുള്ള ബാദ്ധ്യതകളൊന്നുമില്ലാത്ത ഒരു സ്വതന്ത്ര സംഘടനയാണു്.

മുകളിൽ കൊടുത്ത ആലോചനകൾ സാൻഫ്രാൻസിസ്കോവിൽവെച്ചു ഏപ്രിൽ അവസാനത്തിൽ സമ്മേളിക്കുന്ന ഐക്യരാഷ്ട്രങ്ങളുടെ പ്രതിനിധികൾ ആലോചിച്ചു അംഗീകരിക്കുന്നതായിരിക്കും. എന്തെല്ലാം സംഭവവികാസങ്ങളാണു് ഉണ്ടാവാൻ പോകുന്നതെന്നു കണ്ടറിയുക തന്നെ വേണം.

ഏതായാലും മേൽ കാണിച്ച ആലോചനകൾ ലോകസമാധാനത്തിന്റെ പല വശങ്ങളെയും സ്പർശിച്ചിട്ടുണ്ടു എന്നു് വ്യക്തമാണു്. ലോകസമാധാനത്തിന്നു് ഭംഗം വരുത്തുന്ന അടിസ്ഥാന കാരണങ്ങളെ സ്പർശിക്കാത്ത യാതൊരാലോചനയും, തീരുമാനങ്ങളും ഭാവിലോകത്തെ സമാധാനത്തിലേക്കു നയിക്കപ്പെടുകയില്ലെന്നതു തീർച്ചയാണു്. ഭാവിലോകത്തിന്റെ സമാധാനം സംതൃപ്തിയെ ആശ്രയിച്ചാണു് നിലകൊള്ളുന്നതു്. സംതൃപ്തമായ ഒരു ലോകത്തെ സൃഷ്ടിക്കുന്നതിന്നു് ഉപയുക്തമായ നിർദ്ദേശങ്ങൾ ഇതിൽ ഇല്ലെന്നില്ല.

നിലവിലുള്ള സാമൂഹ്യസാമ്പത്തിക അടിസ്ഥാനമാണു ലോകസമാധാനത്തെ അലങ്കോലപ്പെടുത്തുന്നതെന്ന കാർയ്യത്തിൽ ആർക്കും വലിയ അഭിപ്രായവ്യത്യാസമുണ്ടാവാൻ വഴിയില്ല. ആ നിലക്കു ഇന്നത്തെ പഴകി ജീർണ്ണിച്ച അടിസ്ഥാനത്തെ പുതുക്കി പണിയുന്നതിന്നു് പകരം ഇതേ അടിത്തറയിന്മേൽ ചില പരിഷ്കാരങ്ങൾ വരുത്തുന്നതുകൊണ്ടു പ്രയോജനമില്ല. ഉദാഹരണമായി നമുക്കു ഈ സമ്മേളനത്തെത്തന്നെ എടുക്കാം. നിലവിലുള്ള രാഷ്ട്രങ്ങളിൽനിന്നാണു സമ്മേളന പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതു്. നിലവിലുള്ള രാഷ്ട്രങ്ങളിൽ ഒരു ഭീമഭാഗവും മൌലികമായ യാതൊരു മാററത്തിന്നും സ്വയം തയ്യാറല്ലതന്നെ.


ഇതു മനസ്സിൽവെച്ചുകൊണ്ടായിരിക്കണം ഐക്യരാഷ്ട്ര നേതാക്കന്മാർ എന്തൊരു തീരുമാനങ്ങൾ വരുത്തുന്നതും. ഒന്നാമതായി ജനാധിപത്യപരമായ അടിസ്ഥാനത്തിന്മേൽ, ബഹുഭൂരിപക്ഷം ജനങ്ങൾക്കു സംതൃപ്തിയുണ്ടാവുന്ന അടിസ്ഥാനത്തിന്മേൽ നവീനരാഷ്ട്രങ്ങളെ കെട്ടിപ്പടുക്കണം. അത്തരം രാഷ്ട്രങ്ങളുടെ പ്രതിനിധികളടങ്ങിയ ഒരു സർവ്വരാജ്യ സംഘടന സൃഷ്ടിക്കപ്പെടുകയും വേണം. എന്നാൽ മാത്രമെ ഐക്യരാഷ്ട്ര നേതാക്കന്മാർ ആത്മാർത്ഥമായും ലോകസമാധാനത്തെ കാംക്ഷിക്കുന്നുവെന്നു ലോകത്തിന്നു ബോദ്ധ്യപ്പെടുകയുള്ളു. അതായിരിക്കട്ടെ സാൻഫ്രാൻസിസ്കോ സമ്മേളനത്തിന്റെ പ്രഥമവും പ്രധാനവുമായ തീരുമാനം.

# മദ്രാസി ഭടൻ


## ഒരു വിദഗ്ദ്ധയോദ്ധാവാണ്.

ഈയിടെ റിക്രൂട്ടിങ്ങ് ആഫീസിലെ ഉദ്യോഗസ്ഥന്മാരുടെയും ഘടകങ്ങളുടെയും പരേഡിൽ ചെയ്ത ഒരു പ്രസംഗത്തിൽ മദ്രാസ് ഗവർണ്ണർ ഇങ്ങിനെ പ്രസ്താവിച്ചു:

"ഇന്ത്യൻ സേനയിലെ എല്ലാ ഘടകങ്ങളിലും ഒരു ഭീമമായ തുക മദ്രാസികളുണ്ട്. ഇവിടെ മാത്രമല്ല ബർമ്മരംഗത്തിലുള്ള എല്ലാ വിഭാഗങ്ങളിലും അവർ വിശിഷ്ടസേവനങ്ങൾ ചെയ്തുവരുന്നുണ്ടെന്നു എനിക്കറിയാം. ചില പ്രത്യേക പരിതസ്ഥിതികൾ ഹേതുവായിട്ട്, മദ്രാസികളെ സാപ്പേഴ്സ് ആൻറ് മൈനേഴ്സിലേക്കു എടുത്തിരുന്നുള്ളു. ഇപ്പോൾ മററു വിഭാഗങ്ങളിലും അവരെ ചേർത്തുവരുന്നു; സൈനികാധികൃതന്മാർക്കു അവരുടെ പ്രവൃത്തി നിപുണതയിൽ സന്തുഷ്ടിയുണ്ട്. യുദ്ധം വേഗത്തിൽ അവസാനിക്കുകയും നിങ്ങൾ താമസിയാതെ വീട്ടിലേക്ക് മടങ്ങിപ്പോവുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങൾക്കു നിങ്ങളുടെ ഗ്രാമത്തിൽ നിന്നു വിട്ടു പല പുതിയ നഗരങ്ങളും രാജ്യങ്ങളും സന്ദർശിക്കുകയും, ആ പരിചയം മൂലം മടങ്ങി വന്നാൽ ഭാവിയിൽ നിങ്ങളുടെ രാജ്യത്തേയും ശോഭനമായ രീതിയിൽ സൃഷ്ടിക്കുന്നതിന്നു സാദ്ധ്യമാവുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു."



മദ്രാസ് ഗവർണ്ണരും, സർ എസ്. ഇ. രങ്കനാഥനും.



മദ്രാസികൾക്ക് യാന്ത്രികവും സാങ്കേതികവുമായ പ്രവൃത്തികളിൽ പ്രത്യേക വിദഗ്ദ്ധതയുണ്ട്. ചിത്രത്തിൽ റിക്രൂട്ടുകൾ റേഡിയോ ടെലഗ്രാഫി പഠിക്കുന്നതായി കാണും.



ഒരു മുന്നണി യോദ്ധാവാകുന്നതിന്നു മദ്രാസുകാരൻ ശീലത്തിൽ പരിചയിക്കുന്നു.



മിസ്സസ് റൂസ്‌വെൽട്ട്.

# സാൻഫ്രാൻസിസ്കോ

## ഐക്യരാഷ്ട്ര സമ്മേളനരംഗം

വിവിധരാജ്യങ്ങളിലെ പ്രതിനിധികൾ ഐക്യരാഷ്ട്രസമ്മേളനത്തിന്നായി ഏപ്രിൽ 25-ാം തിയ്യതി അമേരിക്കയിലെ സുപ്രസിദ്ധ നഗരമായ സാൻഫ്രാൻസിസ്കോവിൽ വന്നുചേരുന്നതാണ്. ഈ നഗരത്തിൻെറ വിചിത്രമായ ചരിത്രത്തിൽ ഈ സംഭവം ഒരു നവീനഘട്ടത്തെക്കുറിക്കുന്നതാണ്. ഈ തുറമുഖപട്ടണം ഇപ്പോൾ നാല്പത്തിഅഞ്ചു ജനതകളുടെ അധിവാസ ഭൂമിയാണ്.

അമേരിക്കയിലെ ഏകീകൃതമായ ദേശീയസംസ്കാരത്തിൽ പരിപൂർണ്ണമായി സംയോജിച്ചവരെങ്കിലും പ്രസ്തുത ജനതകൾ അവരവരുടെ പുരാതനമായ സംസ്കാരത്തെ കഴിഞ്ഞ ഒന്നര ശതാബ്ദമായി പരിരക്ഷിച്ചുപോരുന്നു. ഇപ്രകാരം അനുഗൃഹീതമായ ഒരു നഗരമാണ് വിവിധരാഷ്ട്ര പ്രതിനിധികളെ സ്വാഗതം ചെയ്യുവാൻ പോകുന്നത്.

മറേറതൊരു അമേരിക്കൻ പട്ടണത്തെക്കാളും, പ്രക്ഷോഭസമ്മിശ്രവും, വിചിത്രവും, നാടകസമാനവുമായ ഒരു ചരിത്രമാണ് സാൻഫ്രാൻസിസ്കോവിനുള്ളത്.

ഒരു മഹത്തായ ദേശീയതുറമുഖപ്രദേശത്തു സ്ഥിതിചെയ്യുന്ന ഈ മോഹനനഗരം, വിദൂര പൌരസ്ത്യദേശത്തേക്കുള്ള പ്രവേശന കവാടവും അമേരിക്കൻ ഭൂഖണ്ഡത്തിലേക്കുള്ള പിൻകവാടവും ആണ്. ഈ കാരണങ്ങളാലാണ് ഈ നഗരം ഇത്ര വേഗത്തിൽ അഭിവൃദ്ധിപ്പെടുവാനിടയായത്.

അമേരിക്കൻ ഇന്ത്യക്കാരായിരുന്നു ഈ പട്ടത്തിലെ ആദിമനിവാസികൾ. അററ്ലാൻറിക്ക് തീരത്തുള്ള കോളണി നിവാസികൾ 1776 ൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചതിന്നു ശേഷമാണ് ഒരു സംഘം സ്പാനിഷ് ജനങ്ങൾ ഒരു മിഷ്യൻ കോളണിയായി ഈ പ്രദേശത്തെ രൂപാന്തരപ്പെടുത്തിയത്.

കുറച്ചുകാലത്തെ മെക്സിക്കൻ ഭരണത്തിന്നു ശേഷം സാൻഫ്രാൻസിസ്കോ ഒരു വർഷം സ്വതന്ത്ര കാലിഫോർണിയൻ റിപ്പബ്ലിക്കിൻെറ പതാകയിൻ കീഴിൽ വർത്തിച്ചു.

1848 ൽ കാലിഫോർണിയ അമേരിക്കൻ ഐക്യരാജ്യത്തിനോടുകൂടി ചേർക്കപ്പെട്ടു. ഏകദേശം, ഈ സമയത്തു തന്നെ സീറാനവഡയിൽ സ്വർണ്ണമുണ്ടെന്നു കണ്ടുപിടിച്ചു. വ്യവസായികൾ പെട്ടെന്നു ഈ ചെറിയ പട്ടണത്തിലേക്കു ആകർഷിക്കപ്പെട്ടു. ഇവിടത്തെ ജനസംഖ്യ നാലു മാസത്തിന്നുള്ളിൽ 900 ൽ നിന്നു 2,000 ആയി വർദ്ധിച്ചു. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽനിന്നും, ഏഷ്യയിൽനിന്നും സ്വർണ്ണപ്രിയന്മാർ പട്ടണത്തിലേക്കു ഇരച്ചുകയറി.

അമേരിക്കൻ ഐക്യരാജ്യം നിയമപരമായി കാലിഫോർണിയയെ ഒരംഗമായി സ്വീകരിച്ചപ്പോൾ (1850 ൽ) സാൻഫ്രാൻസിസ്കോവിലെ ജനസംഖ്യ 50,000 ആയിരുന്നു. 20 വർഷത്തിന്നുശേഷം റെയിൽവെ ഗതാഗതം വളർന്നുവന്നപ്പോൾ ഈ നഗരം കിഴക്കൻ പ്രദേശവുമായി സംഘടിക്കപ്പെട്ടു.

പസിഫിക്ക് സമുദ്രത്തെ വേർതിരിക്കുന്ന അർദ്ധദ്വീപിൻെറ അററത്തു ഏഴു ഗിരികളുടെ മുകളിൽ സാൻഫ്രാൻസിസ്കോ പ്രകൃതിസൌന്ദര്യത്തോടുകൂടി ഉയർന്നു ശോഭിക്കുന്നു. വടക്കു സൊനോമാക്രീക്കു മുതൽ തെക്കു കൊയോട്ടിക്രീക്കു വരെ വ്യാപിച്ചു കിടക്കുന്ന ഈ നഗരത്തിൻെറ വിസ്തീർണ്ണം 400 ചതുരശ്ര മൈൽ ആണു്.

യുദ്ധത്തിന്നു മുമ്പു ഈ പട്ടണം 175 നാവിക മാർഗ്ഗങ്ങളുടെ പ്രാരംഭസ്ഥാനമായിരുന്നു. സാധാരണകാലത്തു ഇതിനോടടുത്തുള്ള ഉൾക്കടൽ പ്രദേശത്തു നടത്തപ്പെടുന്ന മത്സ്യവ്യവസായത്തിൽ 2,000 പേർ ജോലി ചെയ്യുന്നു.

1939 ൽ നഗരത്തിലെ ജനസംഖ്യ 750,000 ആയി വർദ്ധിച്ചു. കാലിഫോർണിയ സർവ്വകലാശാലയുടെ ഭവനം ഈ പട്ടണം തന്നെയാണ്. ഉൾക്കടലിൻെറ മറുകരയിലുള്ള ബർക്കലിയിലാണ് സർവ്വകലാശാല സ്ഥിതി ചെയ്യുന്നത്. പട്ടണത്തിൻെറ തെക്കു സ്റ്റാൻഫോഡ് സർവ്വകലാശാലയും അറുപതു മൈലിനുള്ളിൽ സാൻറാക്ലാറാ സർവ്വകലാശാലയും സാൻജോസ് ടീച്ചേഴ്സ് കോളേജും സ്ഥിതി ചെയ്യുന്നു.

ഈ നഗരം പശ്ചിമതീരത്തെ ഏററവും വലിയ സംസ്കാരകേന്ദ്രമാണ്. സാഹിത്യകാരന്മാരും സംഗീതതല്പരരും ഇവിടെ ധാരാളമുണ്ടായിട്ടുണ്ട്.

(പൌരശക്തി)

# നാട്ടിൻപുറത്ത്

(കെ. സി. കെ. പണിക്കർ)

I

(സ്ഥലം : ഒരു ചായപ്പീടിക. സമയം—പ്രഭാതം. നാലഞ്ച് പേർ ചായപ്പീടികയിൽ ഇരിക്കുന്നു. ചായകൊടുക്കുന്നവൻ എല്ലാവർക്കും ചായകൊടുത്തതിന്നുശേഷം—അവരുടെ സംഭാഷണത്തെ ശ്രദ്ധിച്ചു, ചായ മേശമേൽ ഒരു കൈവെച്ച് ഒന്ന് ചരിഞ്ഞുനില്ക്കുന്നു. 'ഇരുന്നിരുന്നവർ'—ആ നാട്ടിലെ ചില "ചില്ലറ പ്രമാണിമാരായ"—ബാവ, മൂസ്സ, അലി മുതലായവരായിരുന്നു. ഒരു ലീഡർ ഷർട്ടിട്ട്, ശോഷിച്ച ശരീരത്തോടുകൂടിയ ഒരാൾ ചായപ്പീടികയിലേക്കു പ്രവേശിക്കുന്നു.)

ബാവ—"അല്ല കൃഷ്ണൻ മാസ്റ്ററല്ലെ ഇത്. ഞങ്ങളിപ്പോ—ങ്ങടെ കിസ്സേളം പറഞ്ഞ് രിക്കായിരുന്ന്!! അപ്പളത്തിന് ങ്ങളാ ടൈമിനെത്തി — ബരീ — ഇവിടെ തന്നെരിക്ക്"

(കൃഷ്ണൻ മാസ്റ്ററിരിക്കുന്നു.)

ബാവ : മൊയ്തു (അതാണു ചായക്കാരൻെറ പേര്) മാസ്റ്റർക്കു ഒരാപ്പ് ചായിങ്ങ് കടുപ്പത്തി കൂട്ട്യാട്ടെ.

മൊയ്തു : (ചായകൊണ്ടുവക്കുന്നു)—എന്താ കടിക്കണ്ടത്.

ബാവ : ഇജ്ജ്ന്താ ഒരു പുതിയൊരാളിൻെറ കൂട്ടത്തില്. പത്തിരിം പഴോം ങ്ങ്ബെക്ക് (മാസ്റ്റർ ചായ കഴിക്കുന്നു.)

ബാവ : ഇലാമേക്ക്ട്രേ—പ്പന്താ ഞമ്മടെ യുദ്ധ വർത്തമാനല്ലാം. ഞമ്മക്കു ബല്ല കൊഞ്ഞോം ഉണ്ടോ. (സശ്രദ്ധം തലമുന്നോട്ടു നീട്ടി മാസ്റ്ററെ നോക്കുന്നു.)

മാസ്റ്റർ : എവിടെ നോക്കിയാലും വിജയമാണുള്ളത്.

ബാവ : ന്ഷ്ലാ.

മാസ്റ്റർ : ബർമ്മ രണ്ടാഴ്ചക്കുള്ളിൽ മടക്കിപ്പിടിക്കും.

മൂസ്സ : ഇലാ അക്ക്യാബിലങ്ങല്ല്യേരിന്ന്യായുത്തം.

മാസ്റ്റർ : (ചിരിച്ച്) അതല്ലാം മടക്കിപ്പിടിച്ചിട്ട് ദിവസമെത്രയായ്.

അലി : ഞാനപ്പോം പറയാറില്ലെ. ഇററിങ്ങള് എത്ര കൂത്തൻ മറഞ്ഞാലും അവസാനം ഞമ്മടെ പ്രട്ടന് തന്നെ ജയം.

മാസ്റ്റർ: അതിന്നന്താ സംശയം—യഥാർത്ഥം എവിടെയൊ അവിടെ ജയം വരും. (ഒരു കിഴവി അല്പം മുന്നോട്ട് വളഞ്ഞ ശരീരത്തിൽനിന്നുയർത്തിയ ശിരസ്സോടെ അവരെ സമീപിക്കുന്നു.)

കിഴവി : (മാസ്റ്ററോടായിട്ട്) സിങ്കപ്പൂക്കാരുടെ ബല്ല ബർത്തമാനോണ്ടോ.

മാസ്റ്റർ : അതറിയാറായിട്ടില്ല.

കിഴവി : ബാവുട്ടിൻെറ കത്തു വന്നിട്ട് ന്നെക്ക്-

ബാവ : ങ്ങളൊന്ന് തെൻെറായിരുന്നാട്ടെ (മറെറാരു വഴിയായി ഒരു മുഹമ്മദീയ സ്ത്രീ നമ്പീസാ പ്രവേശിക്കുന്നു.)

നമ്പീസ : (കിഴവിയോട്) മ്മാ ബരിണേങ്കി വരി.

കിഴവി : ങ്ങേപ്പോവുമ്പോ ; അതിലെ ബരീ മാസ്റ്ററെ. (മാസ്റ്റർ തലയാട്ടുന്നു—)കിഴവി പോകുന്നു.

(മറെറാരു ചെറുക്കൻ പീടികയിലേക്ക് ഓടിവന്ന് പ്രവേശിക്കുന്നു.)

ബാവയോടു : കാകാ. മേനോണ്ട് വന്നിട്ട്.—

ബാവ—ന്തിന്നാ.

ചെറുക്കൻ : അതിക്കറില്ല. ബന്നീട്ട് ബാവല്ലിടെ ; ന്ന് ചോദിച്ചീ.

ബാവ : ജ്ജ് ഏടായിരിന്ന്പ്പാ.

ചെറു : കന്നിന് ബെള്ളം കാട്ടിട്ടേ്യരിന്നീ. അപ്പളാണ് "മൊയ്തൂട്ടി" എന്ന് ബിളിച്ച്— (അവൻെറ പേർ അതാണ്.) ഞാൻ ചെന്നപ്പോം ചോദിച്ചി—കാക്കില്ലെടാ ഇടെന്ന്.

ബാവ : ജ്ജന്താ പറിഞ്ഞ്—ഇപ്പതന്നെ നിന്നേരിന്നിവിടെ—ഞാിപ്പാവി ടേലിക്കണ്ട്പോയിട്ടുണ്ടാന്താമോ. അപ്പനോട് ബിളിക്കാൻ പറഞ്ഞി.

അലി : എന്തിന്നാ ബളിച്ചാ ബ്ലാത്തിന് ങ്ങ്ട് ത്തേക്കിന്ന്.

ബാവ : ഞമ്മടെ റസുലെമാൻെറ പേര് പറഞ്ഞ് അരജികൊടുത്തിരുന്നി.

അലി : അതന്തിന്നാത്.

ബാവ : ഓൻ പാട്ടളത്തിലല്ല്യോ. അപ്പോ ഓൻെറ കുടിക്കാക്കു റേഷൻ കൂടല് കിട്ടും—അയിൻെറ ആളല്ലാം മേൻന് തന്ന്യാണ്. (എന്ന് പറഞ്ഞ് എഴുനീല്ക്കുന്നു.)

(മാസ്റ്ററോട്) മേക്ട്രേ നാഞ്ഞി ഞമ്മക്കു കാണാം.

മൂസ്സയോടു—മൂസ്സക്ക ങ്ങളണ്ട് ബരി. (പോവുന്നു.)

(എല്ലാവരും ഓരോ വഴിക്കു തിരിയുന്നു.)

ചായക്കാരൻ രണ്ടുറുപ്പിൻെറ ചായ ബീത്തി. എട്ടണക്കായ് പെട്ടിലില്ല:എല്ലാം കടം കടം.

II

(സ്ഥലം : കിഴവിയുടെ ഗൃഹം (ചറുകടിൽ) കിഴവി കാൽ നീട്ടി ഒരു പുൽപ്പായയിൽ ഇരിക്കുന്നു. മകൾ പിന്നിലിരുന്നു ആ കിഴവിയുടെ നരച്ച തലനാരുകളോരോന്നും പരിശോധിക്കുന്നുണ്ട്. പൌത്രി നമ്പീസ ഒരു വഴിയോടി വരുന്നു.)

നമ്പീസ : (കിഴവിയോടു) മൂത്തുമ്മാ—മേക്ക്ട്ര താവരിന്നീ—(നമ്പീസ പോകുന്നു.) (കിഴവിയുടെ മകൾ ആയസ്സ—വാതിലിന്നരികിലേക്കു മാറി നില്ക്കുന്നു. കിഴവി തലമുടി കെട്ടി തട്ടം തലയിലിട്ടു മാസ്റ്ററെ കണ്ടു എഴുനേല്ക്കുവാൻ ഭാവിക്കുന്നു.)

മാസ്റ്റർ : എന്തിനാ ഉമ്മാ വയ്യാത്ത സമയത്തു എഴുന്നേൽക്കുവാൻ ശ്രമിക്കുന്നത്.

കിഴവി : (വല്ലാത്ത ഒരു ചിരിചിരിക്കുന്നു)—അയസാ ആ—തടുക്ക് ങ്ങ്ടുക്ക് (തടുക്കുകൊണ്ടു വന്നിടുന്നു. മാസ്റ്റർ ഇരിക്കുന്നു.)

കിഴവി : ഈ നമ്പീസായിനെക്കൊണ്ട്ക്ക് ഒരു പൊറുതില്ല. (നമ്പീസ കിളിവാതിൽ വഴി മാസ്റ്ററെ ശ്രദ്ധിച്ച് നോക്കുന്നു.)

മാസ്റ്റർ : അത് എന്താ.

കിഴവി : കതൊന്നും അറീല്ലൻെറ പൊന്നാരെ. വാഴപ്പള്ളി സ്കൂളിൽ എട്ടില് പാസായ്പ്പ ചാവക്കാട്ടു ഹൈസ്കൂളിൽ പോയി പഠിക്കണം. കഞ്ഞിൻെറ ബെള്ളം തന്നെ നേരത്തിന് കൊടുക്കണെത് ബാവുട്ടി പട്ടാളത്തിപ്പോയോണ്ടാ. അമ്മാമന്മാക്കാക്കാ ഓള പഠിക്കണെന്നേ സമ്മതോല്ല്യ. വയസ്സുറീച്ചിട്ടുള്ള പെണ്ണല്ല്യോ.

മാസ്റ്റർ : അതു ശരില്ല-മ്മ. പഠിക്കാൻ മോഹമുണ്ടെങ്കിൽ പഠിക്കതന്നെവേണം. പുരുഷന്മാരെ പോലെ സ്ത്രീകൾക്കും പഠിപ്പ് വേണ്ടതാണ്. എന്നാലല്ലെ അവരിൽ ഉണ്ടാകുന്ന കുട്ടികൾക്കും പഠിപ്പു വേണം എന്ന വിചാരമുണ്ടാവുകയുള്ളൂ. അങ്ങിനെ വന്നാൽ മുഹമ്മദീയ സമുദായം വിദ്യാഭ്യാസത്തിൽ മററു മതസ്ഥരെ പോലെ മുന്നണിയിൽ വരും. ഉമ്മാ !! നമ്മുടെ നാട്ടിലൊന്ന് നോക്കു, എത്ര പേരുണ്ട്, എഴുതുവാനും വായിക്കുവാനും അറിയുന്നവരു്. കാശുണ്ടായിട്ടന്താ കാര്യം. തൊപ്പീം കുപ്പായവും അല്ലാതെ വെല്ലതും ഉണ്ടോ ?........ ഇളത്തു് മുഹമ്മതു് എന്തുകൊണ്ടാണ് മേനോൻെറ ഉമ്മറത്ത് കാസാലയിലിരിക്കുന്നതിന്ന് ഉമ്മക്കറിയാമോ. ആയാൾ ബിഎാണ്. നാളെ ഉമ്മടെ മകള് ഒരു ഡോക്ടരാകട്ടെ. തമ്പുരാൻെറ അകത്തിരിക്കാം.

കിഴവി : അതു സരിയാണ്. പക്കെ ഞമ്മടെ സ്ഥിതിങ്ങ ക്കറില്ല.

മാസ്റ്റർ : എന്നാൽ കഴിയുന്നതു ഞാൻ ചയ്യാം.

കിഴവി : അയസ്സാ നമ്പീസനെ വിളിക്ക്. ന്താപ്പാ പറഞ്ഞോട്ടെ (നമ്പീസയെ വിളിക്കുന്നു.)

(നമ്പീസ ലജ്ജാഭാവത്തെ പ്രയാസപ്പെട്ടും കുറച്ചു കററി വാതില്ക്കൽ വന്ന് നില്ക്കുന്നു.)

കിഴവി : ജ്ജന്താവിടെ നിക്കണ്, മേഷ്ടര് നിന്നെ കട്ടാൻ ബന്നേക്കണെന്താ.

നമ്പീസ : ങ്ങ ക്കന്താ.

(പുഞ്ചിരിയോടെ മാസ്റ്ററോട് പറയുന്നു) കാക്കിൻെറ എഴുത്തുണ്ടായിരിന്ന് ചാവക്കാട്ടു ചേരാനായിട്ട്. മേസ്റ്ററോട് പറഞ്ഞാമതീന്നായിട്ട്. പണം കാക അയക്കുന്നുണ്ടെന്നും എഴുതിരുന്നു എല്ലാ ബിവരത്തിന്നും സ്കൂളിൽ ചേർന്നതിന്നുശേഷം കത്തയച്ചാ കാകഫീസ് വിട്ടു കിട്ടാൻ എയ്യാന്ന്. നാലഞ്ച് ദിവസമായ് പറഞ്ഞിട്ട്.

മാസ്റ്റർ : ഞാനിവിടെ ഉണ്ടായിരുന്നില്ല. ഇന്നലെയാണ് വന്നത്. (ഒരു തപാൽ ശിപായി പ്രവേശിക്കുന്നു) ആശയോടെ എല്ലാവരും ശിപായിയെ നോക്കുന്നു.

ശിപായി : അരാ നമ്പീസാ.

കിഴവി : ൻെറ മോളടെ കുട്ടി.

ശിപായി : ഒരു മണിഓർഡറുണ്ട് എൺപതുറുപ്പികയുടെ.

(മണിഓർഡർ മേടിച്ച് സന്തോഷത്തോടെ 8 ണ. ശിപായിക്കു കൊടുക്കുന്നു. ശിപായി പോകുന്നു.)

മാസ്റ്റർ : പറഞ്ഞിരിക്കുമ്പോഴേക്കു പണവും വന്നു. ഉമ്മക്ക് സമ്മതമാണെങ്കിൽ നാളെ തന്നെ ചേർക്കണം. പിന്നെയായാൽ സ്ഥലം കിട്ടുന്നതല്ല.

കിഴവി : ഞിക്കതിലൊന്നും പറാനില്ല. ല്ലാം ങ്ങടെ ഇഷ്ടംപോലെ.

മാസ്റ്റർ : നമ്പീസാ, നാളെ തന്നെ ചേരാം. ഞാൻ രാവിലെ ഇതിലെ വരാം. ബാവയോട്ട് പറഞ്ഞേക്ക്. ഒരു രക്ഷിതാവ് വേണം 8 ണ. ൻെറ കായും കൊടുത്തേക്ക്.

(വാലിയക്കാരത്തി പെണ്ണ് പീടികയിൽനിന്ന് ചായ കൊണ്ടുവന്ന് മാസ്റ്റർക്കു കൊടുക്കുന്നു.)

മാസ്റ്റർ : എന്തായി ഇപ്പ തന്നെ ചായ കുടിച്ചാണ് വരുന്നത്.

കിഴവി : അതിക്കറാം ങ്ങക്ക് ചായക്കി വിക്ഷമമില്ലന്ന്. ഞമ്മടെ ഒരു തന്തോസം ആണ്. (മാസ്റ്റർ ചായ കുടിക്കുന്നു) (നമ്പീസ ആരോ വിളിച്ചതിനാൽ അകത്തേക്കു പോകുന്നു.)

മാസ്റ്റർ : എന്നി ഇരിക്കുന്നില്ല, നാളെ രാവിലെ വരണ്ടു—(എഴുനേൽക്കുന്നു.)

കിഴവി : ന്താപ്പൊ പൊയ്ക്കോളിൻ.

(പോകുന്നു.)

---

## നഴ്സും ഭടനും

ലാഹോർ,
29—3—45.

സർ,

യുദ്ധസഞ്ചികയിൽ പ്രസിദ്ധപ്പെടുത്തിവരുന്ന ചില കഥകൾ വാസ്തവത്തിൽ വിശിഷ്ടങ്ങളാണ്. എന്നാൽ അതോടൊപ്പംതന്നെ അനുകരണങ്ങളും ഇഴഞ്ഞു കയറുന്നുണ്ട്. ഈയിടെയായി പ്രസിദ്ധീകൃതമായ ഏകാങ്കനാടകങ്ങളിലും കഥകളിലുമൊക്കെ ഓരേ കഥാവസ്തുവാണ് കാണപ്പെടുന്നത്. നാട്ടിൽനിന്നു പ്രണയബദ്ധരായ യുവതീയുവാക്കൾ, അഭിലാഷപൂർത്തിക്കിടയിൽ ചില പ്രതിബന്ധങ്ങൾ, അവസാനം ബർമ്മരംഗത്തിൽ—എന്താണാവോ ഈ കാമുകീകാമുകന്മാർ ബർമ്മരംഗം മാത്രം തെരഞ്ഞുപിടിക്കുന്നത് !—വെച്ചു കണ്ടുമുട്ടുന്നു. പഴയ കാമുകൻ ഇന്നൊരു ഭടനാണ് ; കാമുകിയാവട്ടെ നഴ്സും! ഈ കാര്യം ചുരുങ്ങിയതു് ഒരഞ്ചാറു പേരുടെ തൂലികയിൽക്കൂടെ പ്രവഹിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ 'പാൽഗ്യാരിസാ' എന്നു പറയുന്ന ഈ രീതി മലയാളത്തിലും നന്നല്ല. ലേഖകന്മാരും അതേപോലെ പത്രാധിപരും ഈ സംഗതിയിൽ ശ്രദ്ധ ചെലുത്തുന്നതു് നന്നായിരിക്കും.

എന്ന്,

കെ. എം. ജോൺ.

## ലേഖകന്മാർക്ക്

യുദ്ധസഞ്ചികയിലേയ്ക്കു് പ്രസിദ്ധീകരണാർത്ഥം എഴുതി അയക്കുന്ന ലേഖനങ്ങളും പദ്യങ്ങളും മററും വൃത്തിയായി മഷിയിൽ എഴുതി അയക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസിദ്ധീകരിക്കുന്നതിന്നു താമസവും ചിലപ്പോൾ അസാദ്ധ്യവുമായി വരുന്നതാണ്. ഈ സംഗതിയിലേക്കു ലേഖന്മാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

(പത്രാധിപർ.)

## "ജാതകം കുറിക്കുവാൻ"

(കെ. ജി. പിള്ള)

"മഹിത, ഭാസ്വൽ, ഭാവിലോകജാതകം കുറിക്കുവാൻ
സഹജ ധൈര്യമോടെ നിങ്ങൾ നിണമുതിക്കാൻ പോരു
[വിൻ!

ഭുവിയിൽ മോദമോടുനാളെ വാണിടുന്ന സോദരർ
ഇവർ ചൊരിഞ്ഞ ചോരകണ്ടു കോൾമയിരണിയണം!

ഇവിടെ നാളെയെഴുതിടും ചരിത്രമാകെ നമ്മളെ
അവിരളം പുകഴ്ത്തണം, നാം നിത്യകീർത്തി നേടണം!

ഇവിടെ നമ്മളരികളുടയയസ്ഥികൊണ്ടു തീർക്കണം
രവിപഥത്തിലെത്തിടും കൊടിമരം, സുശോഭനം:

കരൾപിളർന്നു വാർന്നിടുന്ന ചോരകൊണ്ടുതന്നെ നാം
വിരവിലായടിത്തറ ബലപ്പെടുത്തിക്കൊള്ളണം:

അതിനുമീതെ അംബരാന്തമായതിൽപ്പറക്കണം
അതിമനോജ്ഞമായക്രൂറ യുദ്ധജാലം, പ്രഭോജ്ജ്വലം:

അതിനുടയ നിഴലിൽ ഭാരതാംബ വിശ്രമിക്കണം,
അതിനുവേണ്ടി നിങ്ങളിന്നു നിണമുതിക്കാൻ പോരുവിൻ!

ഭുവനമൊന്നു വിറയൽകൊൾകെ ഒരു ഞൊടിക്കിൻ ഭേരിയെ,
ശ്രുവണമിന്നു പിളരുംവണ്ണമൂതിയാലും കാഹളം!

അരികൾകേട്ടു ഞെട്ടണം, നാം മാനമാർന്നു കൊള്ളണം,
പെരിയമേഘഗർജ്ജനത്തെ വെല്ലണം, നാം വെല്ലണം:

ചെല്ലണം നാം പോർക്കളത്തിൽ, കൊല്ലണമരികളെ,
പല്ലവാംഗിയാം വിജയലക്ഷ്മിയെ വരിക്കണം:

കാലഭേദചിന്തയെന്ന്യെ, കാൽകഴപ്പുമെന്നിയേ,
വേലചെയ്യാൻ കരളുണർന്നു, കലിതവേഗമെത്തുവിൻ!

സഹജരേ, സധീരമോടിക്കൂടുവിൻ, സമയമായ്,
മഹിയതിന്റെ മഹിതഭാവി 'ജാതകംകുറിക്കുവാൻ'."

# ചിരിയും ചിന്തയും

കാപ്പിഹോട്ടൽക്കാരനായ കൃഷ്ണയ്യർ, പാൽക്കാരനെ കുറെ അധികം ശകാരിച്ചു. എന്നിട്ടിങ്ങനെ ഉപസംഹരിച്ചു, "എന്ന ഇന്ത പാൽക്കാരനും പശുവും ഒരേ മാതിരിതാൻ."

"എന്നാ സാമീ അന്തമാതിരി ചൊൽറീങ്കോ!" പരിഭ്രമിച്ച പാൽക്കാരൻ ചോദിച്ചു.

"എടേ നീയും അന്തമാടും ഒരു മാതിരി താൻ. പശു പാൽ കൊടുക്കിറതു്. അതു താൻ ഒരു വ്യത്യാസം."

പാൽക്കാരൻ പറഞ്ഞു "മാട് പാല് കടം കൊടുക്കമാട്ടേൻ."

* * *

ഇതേവരേയും തത്വചിന്തകന്മാർ ലോകത്തെ വ്യാഖ്യാനിക്കുകയാണു് ചെയ്തിട്ടുള്ളതു്. ഇന്നത്തെ പ്രശ്നം ലോകത്തെ എങ്ങിനെയാണു് പരിവർത്തനം ചെയ്യുക എന്നതാണു്.

* * *

"നിങ്ങളൊക്കെ ധർമ്മിഷ്ഠന്മാരാണു്. ഈ അനാഥാലയത്തിന്നു 25 കൊല്ലത്തെ പഴക്കമുണ്ടു്. എന്തെങ്കിലും ഒരു നല്ല സംഭാവന തരണം" സ്വാമി അഹിംസാവ്രതൻ വ്യാപാരി ചെട്ടിയാരോടു അപേക്ഷിച്ചു.

"എന്താണു് തരേണ്ടതു്?" ചെട്ടിയാർ അന്വേഷിച്ചു.

"അനാഥാശ്രമത്തിലേക്കുപയോഗമുള്ള എന്തായാലും വേണ്ടില്ല."

"ശരി തന്നെ, ഞാൻ ഒരു നല്ല സംഭാവന തരാം. എന്റെ അടുക്കൽ ഒരനാഥച്ചെക്കനുണ്ടു്. നിങ്ങൾ കൊണ്ടുപോയ്ക്കൊള്ളുവിൻ," സ്വാമി അഹിംസാവ്രതൻ പിന്നെ അവിടെ നിന്നില്ല!

* * *

ആ നവദമ്പതികൾ ട്രിപ്ലിക്കെയിൻ കടൽക്കരയിലൂടെ ഉലാത്തുകയായിരുന്നു. പ്രഭാകരൻ പറഞ്ഞു, "ഓമനേ, ആ തിരമാലകൾ അന്യോന്യം ആലിംഗനം ചെയ്യുന്നതു് നമുക്കും അതു അനുകരിക്കുക." അവൾ ഉത്തരം പറഞ്ഞു് "ഓരോന്നും ഓരോ സമയത്തു് മാറി മാറിത്തഴുകുന്നു. ഒരിയ്ക്കൽ ആലിംഗനം ചെയ്തതു്, പിന്നെ അങ്ങിനെ ചെയ്യുന്നില്ല." യുവാവിന്നു 'ബേജാറാ'യി!

* * *

"നിങ്ങളെന്റെ കുതിരയെ കുറച്ചിട നോക്കുമോ? "ആയാൾ ആ പയ്യനോടു ചോദിച്ചു, "ഞാൻ സ്വല്പം കാപ്പികുഴിച്ചുവരട്ടെ."

"നിങ്ങളുടെ കുതിര ചവിട്ടുമോ?"

"ഇല്ല."

"ചാടിക്കളിക്കുമോ?"

"ഏയ്. ഇല്ല."

"ഓടുമോ?"

"ആവക അബദ്ധങ്ങളൊന്നും അതിന്റെ വകലില്ല" ഉടമസ്ഥൻ സ്വാഭിമാനം പ്രതിവചിച്ചു.

"പിന്നെ ഞാനെന്തിനാണു് അതിനെ നോക്കുന്നതു്?"

* * *

കൊഴിഞ്ഞുവീണ പനീർപൂവിന്റെ മണം, മറ്റൊരു പൂവിൽ പ്രവേശിക്കുന്നില്ല; മനുഷ്യന്റെ ആത്മാവുമാത്രം, അങ്ങിനെ ചെയ്യുമെന്നു വിചാരിച്ചുകൂടാ.

* * *

"നിങ്ങൾ ആ സംഭവം കണ്ടുവോ?" അന്യായഭാഗം വക്കീൽ സാക്ഷിയോടു് ചോദ്യശരങ്ങൾ വർഷിച്ചു "അപ്പോൾ ആരൊക്കെയായിരുന്നു അവിടെ? എ. ബിയേ എന്തു ചെയ്തു?"

"എനിക്കു തോന്നുന്നതു്" സാക്ഷി പറയാൻ തുടങ്ങി."

"നിങ്ങൾ തോന്നുന്നതല്ല, നിങ്ങൾ കണ്ടതു് പറയൂ" വക്കീൽ ശാസിച്ചു.

"ഞാൻ വിചാരിക്കുന്നു" ആയാൾ തുടർന്നു.

"വിചാരിക്കാതെ കാര്യം പറയൂ."

"വിചാരിക്കാതെയും, ആലോചിക്കാതെയും പറയാൻ ഞാൻ ഒരു വക്കീലല്ല" സാക്ഷി കൂട്ടിൽ നിന്നിറങ്ങിപ്പോയി.

* * *

"അച്ഛാ! ഡോക്ടർ, വരുന്നില്ല. അതിന്നു പകരം കുമ്മായം തേപ്പുകാരനാണു് വന്നിട്ടുള്ളതു്" രോഗശയ്യയിൽക്കിടക്കുന്ന അച്ഛനോടു, ഡോക്ടരെ വിളിക്കാൻ പോയ മകൻ റിപ്പോർട്ടു ചെയ്തു.

"എന്താ നീ പറയുന്നതു്? കുമ്മായം തേപ്പുകാരനോ?"

"അതേ അച്ഛ, കോണിയും മററും കയ്യിലുണ്ടു്!"

"ഓ! അതു ഡോക്ടർ തന്നെയാണു് കുഞ്ഞേ. അദ്ദേഹം ഒരു പിഗ്മിയാണു്. 3½ അടി നീളം മാത്രമുള്ള ഒരു കുള്ളൻ. അതുകൊണ്ടു ചില രോഗികളെ പരിശോധിക്കുമ്പോൾ കോണി ആവശ്യമായിവരും!

* * *

ഒരു വേശ്യയുടെ ജീവിതം ചൂലിനോടു്. ഉപമിക്കാവുന്ന ഒന്നാണു്. മാളികയുടെ മണിയറയിൽനിന്നു പടിപ്പുരയിലേയ്ക്കു, അവിടെ നിന്നു് അവസാനം തെരുവിലെ കുപ്പച്ചാലിലേയ്ക്കു—അങ്ങിനെയാണു് രണ്ടിന്റേയും പരിണാമം.

* * *

നായക് പപ്പു പിള്ള ഒരു വീരയോദ്ധാവാണു്. അദ്ദേഹം നോർത്തു ആഫ്രിക്കയിൽ അനവധി ജർമ്മൻകാരെ നേരിട്ടു കൊന്നിട്ടുണ്ടു്. ഇററലിയൻ ഭടന്മാരെ ഭയപ്പെടുത്തി ഓടിച്ചിട്ടുണ്ടു്. ധീരതയ്ക്കും പരാക്രമത്തിനും ബഹുമതികൾ നേടിയിട്ടുണ്ടു്; മാത്രമല്ല, തീവണ്ടിയിൽ നിന്നു അനവധി പൌരന്മാരെ ഭീഷണിപ്പെടുത്തിയിട്ടുമുണ്ടു്.

അത്രയ്ക്കു ധൈര്യമുണ്ടായിരുന്നു നായിക് പപ്പു പിള്ളയ്ക്കു്!

ഞങ്ങളുടെ തപാൽപ്പെട്ടി

## സഞ്ചികേ! നമസ്കാരം

(ആർ. പി. ശങ്കരമംഗലം.)

സഞ്ചികേ നമസ്കാരം
　　സത്യസന്ദേശാർത്ഥം നീ
യഞ്ചാതെയണയുന്നി-
　　താഴ്ചയിലൊരു നാളിൽ.

ഘോരരാക്ഷസൻ മഹാ-
　　ഭീകരൻ ജർമ്മൻ വ്യാഘ്രം
വ്യാളിസംഘത്തോടൊത്തു
　　നീളവേ പുറപ്പെട്ടു.

ദിക്കെങ്ങും ഗ്രസിക്കുവാൻ
　　ചെയ്യുതാം ശപഥത്തി-
ന്നുഗ്രത കേട്ടു ഞെട്ടും
　　സാധു സോദരർക്കെല്ലാം

മെല്ലയാശ്വാസം ചേർപ്പാൻ
　　സത്യവസ്തുതയെല്ലാം
ചൊല്ലിവന്നണയുന്ന
　　സഞ്ചികേ നമസ്കാരം.

വീരധാത്രിയാണെന്നു
　　മസ്സൽമാതൃഭൂവെന്നു
ചോരവർഗ്ഗമാം മഞ്ഞ-
　　ക്കൂട്ടരെയറിയിപ്പാൻ

സഞ്ചിത പ്രതിവാര-
　　വാർത്തകൾ വഹിച്ചെത്തും
സാഹിത്യ സങ്കേതമാം
　　സഞ്ചികേ! നമസ്കാരം.

---

എന്നാൽ, ആ തീവണ്ടി സ്റ്റേഷനിൽനിന്നു അദ്ദേഹം പെട്ടെന്നു ഓടിപ്പോയി. ആളുകൾക്കൊന്നും കാര്യം മനസ്സിലായില്ല. കൂട്ടാളികളെ ഈ കൃത്യം വല്ലാതെ പരിഭ്രമിപ്പിച്ചു......

ഒരു മിലിട്ടറി പോലീസിന്റെ തൊപ്പി 200 വാരയകലെ കാണപ്പെട്ടിരുന്നു!"

* * *

മരണം കിരീടമണിയിക്കുമ്പോൾ മാത്രമാണു്, ജീവിതത്തിന്റെ വില അധികരിക്കുന്നതു്!

* * *

"ജിനോവ ഉൾക്കടലിലെ അമേരിക്കൻ പ്രവർത്തനത്തെക്കുറിച്ചെഴുതുന്ന കവിത, അതെഴുതുന്നതോടൊപ്പം പഴകിക്കഴിയുന്നതാണു്"— കവിയുടെ ആവലാതി.

പഴകാത്തതും ശാശ്വതവുമായ വസ്തുക്കളുണ്ടു്, കവിതയെഴുതാൻ. ആമ്പൽ, താമരാ സൂര്യൻ, ചന്ദ്രകിരണം, തത്ത, താറാവ്, തവള, തേനീച്ച, ഞാഞ്ഞൂൾ, മുത്തങ്ങപ്പുല്ല്, പെണ്ണുങ്ങളുടെ പുരികം, തലമുടി, പട്ടി, പാമ്പ്, കഴ തുടങ്ങിയവ!—പത്രാധിപരുടെ മറുപടി.

* * *

ചിന്തയുടെ ചിറകുവിടർത്തലാണു് നെടുവീർപ്പുകൾ.

ചെറുകഥ

# ഏജൻറമ്മാവൻ

(എൻ. ജെ. ചാമ്പാടി.)

ഏകദേശം രണ്ടുവഷങ്ങൾ മുമ്പാണ്. പാൽകുളങ്ങരയിലെ "കൃഷ്ണൻ തമ്പി വായനശാല" യിൽനിന്നും അന്നത്തെ ചില പത്രങ്ങൾ നോക്കി തിരിയെ വീട്ടിലേക്കു പോകയായിരുന്നു ഞാൻ. ഗവമ്മേണ്ട് ഉപജീവനക്കാരെല്ലാം ജുബ്ബാധാരികളായിരിക്കണമെന്ന ഒരു നൂതനനിയമം നിലവിലിരുന്നു അന്ന്. ദിവാൻജി മുതൽ പങ്കാവലിക്കാരൻ വരെയുള്ള സക്കാർ ജീവനക്കാർ പുതിയ യൂണിഫോറത്തിൽ കയറി ഉത്സാഹഭരിതരായി കൃത്യാന്തരങ്ങളിൽ ഏപ്പെട്ടുന്നതു കണ്ടാൽ എത്ര ഉഗ്രമായ സമത്വവാദികൾപോലും തെല്ലൊരു "ആവൂ!" ഭാവം ഉണ്ടാകാതിരിക്കുന്നതെങ്ങിനെ?

മുട്ടിന്നു കീഴിലേക്കു നീണ്ടുകിടന്നിരുന്ന എൻെറ ഖദർ ജൂബ്ബായുടെ കീശയിലേക്ക് കയ്യുംതള്ളി നിന്നിമേഷനായി എന്തൊക്കെയൊ ആലോചിച്ചുകൊണ്ടു അധോമുഖനായി ഞാൻ നടന്നു.

"എന്താ, വായനശാലയിൽ പോയിരുന്നോ? എന്തുണ്ട് വിശേഷങ്ങൾ?" ഒരു നിത്യപരിചയക്കാരനെപ്പോലെ ഏകദേശം അമ്പതു അമ്പത്തിയഞ്ചിനോടടുത്ത ഒരു കാക്കിവേഷധാരി എന്നോടു ഒരു സംഭാഷണത്തിന്നു പീഠികയിട്ടു.

ഞാൻ അയാളെ സൂക്ഷിച്ചു നോക്കി. സോഡാക്കുപ്പിയുടേതുപോലെ ഒട്ടിയ കവിൾത്തടങ്ങളും കോളാമ്പിപോലെ മുറുക്കിച്ചുവപ്പിച്ച ചുണ്ടുകളും സമാനമായി വെളിയിലേക്ക് ഉന്തിത്തുടങ്ങിയ കുടവയറും എല്ലാം അയാളുടെ അംഗസൌഷ്ഠവത്തിന്ന് ഭംഗി കൂട്ടുവാൻ മല്ലടിച്ചുകൊണ്ടിരുന്നു.

എൻെറ ഓമ്മപ്പുസ്തകത്തിൻെറ ഓരോ താളുകളും ഞാൻ തിരിച്ചും മറിച്ചും നോക്കി. അയാളെ അതിന്നു മുമ്പു ഒരിക്കലെങ്കിലും കണ്ടിട്ടുള്ളതായി എനിക്കു തോന്നിയില്ല. പക്ഷെ, ഒരു ചിരപരിചിതനെപ്പോലെ അയാൾ പറഞ്ഞ വാചകങ്ങൾ കേട്ടപ്പോൾ എനിക്കു അത്ഭുതം തോന്നി. ഇത്ര പരിചയം നടിക്കുന്ന ഈ മനുഷ്യൻ ഒരുവേള എന്നെ അറിയുമായിരിക്കും എന്നു ഞാൻ ഉൽപ്രേക്ഷിച്ചു. അങ്ങിനെയാണെങ്കിൽ എൻെറ ഓമ്മപ്പിശക് വെളിയിൽ പറയുന്നതു് ബുദ്ധിയല്ലെന്നു എനിക്കു തോന്നി, ഞാനും ഒരു ചിരപരിചിതനെപ്പോലെ ഒരു പച്ചച്ചിരി ചിരിച്ചുകൊണ്ടു പറഞ്ഞു: "യുദ്ധവൃത്താന്തങ്ങൾ പലതുമുണ്ട്. പശ്ചിമ യുദ്ധരംഗത്തിൽ ഐക്യകക്ഷികൾ . . ."

അന്നു വായിച്ച ചില വത്തമാന ശകലങ്ങൾ സമഗ്രമായി ചിത്രീകരിക്കുവാൻ ഞാൻ മുതിന്നപ്പോഴേക്കും "സമയമെന്തായി?" എന്നു ആ അമ്മാവൻ ഇടയ്ക്കു കയറി ചോദിച്ചു.

"മണി അഞ്ചു കഴിഞ്ഞു," ഞാൻ പറഞ്ഞു.

"പശ്ചിമ യുദ്ധരംഗത്തിൽ ഐക്യകക്ഷികൾ അമേരിക്കൻ സേനകളോടു ചേർന്ന് . . ." ഞാൻ വീണ്ടും വിവരിക്കുവാൻ തുടങ്ങി.

"ഇന്നു മഴയുണ്ടെന്നു തോന്നുന്നു" എൻെറ വാചകം പൂത്തിയാക്കുന്നതിന്നു മുമ്പു തന്നെ വീണ്ടും തടഞ്ഞുകൊണ്ടു പറഞ്ഞു ആ അമ്മാവൻ.

അനുനിമിഷം വിഷയാന്തരങ്ങളിലേക്കു കുതിച്ചു ചാടിപ്പോകുന്ന ആ കാക്കിക്കാരന്ന് യുദ്ധവൃത്താന്തങ്ങളൊന്നും കേൾക്കുവാൻ താല്പയ്യമേ ഇല്ലെന്നു ഞാൻ മനസ്സിലാക്കി. പിന്നെ ഒന്നും വിവരിക്കുവാൻ ഞാൻ ഒരുമ്പെട്ടുമില്ല.

"എവിടെയാണ് വീട്?" അമ്മാവൻ ചോദിക്കുന്നതു കേട്ടു എനിക്കു ആശ്ചയ്യം തോന്നി. ഏതായാലും ഒന്നു ഞാൻ മനസ്സിലാക്കി. എൻെറ ഓമ്മ പിശകിയില്ല എന്ന്.

"ഇവിടെനിന്നും കുറെ വടക്കാണ്" മൂപ്പിന്നിനെ വെറുപ്പിക്കാതെ സമഗ്രമായി പറഞ്ഞു ഞാൻ.

"കുറെ വടക്കെന്നു വെച്ചാൽ?"

"ഒരു നൂറുമൈൽ വടക്ക്. കോട്ടയം കേട്ടിട്ടുണ്ടായിരിക്കുമല്ലോ."

"ഓഹോ കോട്ടയമോ? ഇബ്രാഹിം സേട്ടു അല്ലെ അവിടുത്തെ വലിയ വ്യാപാരി? ഞാൻ അവിടെ ഇരുന്നകാലത്തു മി. പണ്ടാലയായിരുന്നു മുനിസിപ്പൽ പ്രസിഡണ്ട്. നല്ല മനുഷ്യൻ."

എൻെറ അത്ഭുതം കൂടിക്കൂടിവന്നു. ഇബ്രാഹിം സേട്ടു എന്നൊരു വ്യാപാരിയെ കോട്ടയത്തില്ല. ഒരു പണ്ടാലയും കോട്ടയം മുനിസിപ്പൽ പ്രസിഡണ്ടായി നാളതുവരെ ഇരുന്നിട്ടുമില്ല. എങ്ങിനെ അത്ഭുതപ്പെടാതിരിക്കും?

വയസ്സന്മാരോടു വാദിക്കുന്നതു വിഫലമാണെന്ന് അനുഭവംകൊണ്ടു മനസ്സിലാക്കിയിരുന്ന ഞാൻ അസംബന്ധമെങ്കിലും അയാൾ പറഞ്ഞതിനെല്ലാം ഒത്തു മൂളി.

"എന്താണ്, ഇവിടെ ജോലി? ശമ്പളം എന്തു കിട്ടും? ഇവിടെ വന്നിട്ടു എത്ര നാളായി? വിവാഹിതനാണോ? അപ്പോൾ പേര്?" ഒരു പതിനായിരം ചോദ്യക്ഷേണങ്ങൾ ഒരു കററ ശ്വാസത്തിൽ അയാൾ ചോദിച്ചു. പരമാത്ഥം പറഞ്ഞാൽ ആ ചോദ്യപരമ്പരകൾ എനിക്കു തീരെ രസിച്ചതേയില്ല.

"ഒരു ചില്ലറ ജോലിയുണ്ട്, കുറെ നാളുകളായി ഇവിടെ വന്നിട്ട്. വിവാഹമൊക്കെ കഴിഞ്ഞിട്ടു കുറെ വഷങ്ങളായി." വല്ല കല്യാണവൃത്താന്തത്തിലേക്കും വലിച്ചിഴയ്ക്കുവാനാണോ ഈ വിദ്വാൻെറ ശ്രമം എന്ന പേടിയാൽ ചിലതൊക്കെ അലസമായി ഞാൻ പറഞ്ഞു വിട്ടു.

"അപ്പോൾ ചെലവു കഴിഞ്ഞു എന്തു കിട്ടും?" പിടിവിടാതെ പടിപ്പടിയായി അമ്മാവൻ ചോദ്യം ആവത്തിക്കുവാൻ തുടങ്ങി.

ഞാൻ വല്ലാതെ കുഴങ്ങി. എൻെറ തുച്ഛമായ ജോലിയെക്കുറിച്ചും ലഘുവായ ശമ്പളത്തെക്കുറിച്ചും ആരോടും പറയുവാൻ എനിക്കു ഇഷ്ടമുണ്ടായിരുന്നില്ല. വല്ല വിധത്തിലും ഒഴിഞ്ഞുപോയാൽ മതിയെന്നായി എൻെറ വിചാരം.

എൻെറ മൌനഭാവവും മനഃക്കുഴപ്പവും മനസ്സിലാക്കിയിട്ടായിരിക്കണം വീണ്ടും ആ വിധത്തിലുള്ള ചോദ്യങ്ങൾ അമ്മാവൻ തുടരാതിരുന്നതു്.

"ശരി, പോകട്ടെ. നിങ്ങളെപ്പോലെ പഠിച്ച ആളുകൾ എട്ടിന്നും പത്തിന്നും കിടന്നു പാടുപെടുന്നതു് എനിക്കറിയരുതോ? ഞാൻ ശരിയായി കണ്ടതല്ലേ ഈ ലോകം?" ഒരു സവ്വജ്ഞനെപ്പോലെ അമ്മാവൻ സമത്ഥിച്ചു.

"കുഞ്ഞേ! കുഴപ്പങ്ങൾക്കു എല്ലാം പരിഹാരം ഉണ്ടാകും. കുഞ്ഞൊന്നു മനസ്സുവെച്ചാൽ" എൻെറ വ്യാകുലവൈവശ്യത ഏതോ മനസ്സിലാക്കിയതുപോലെ അമ്മാവൻ തുടർന്നു.

"എന്തിന്നു ഇവിടെക്കിടന്നു ചാകുന്നു? സമരസേവനത്തിന്നായിപ്പോകരുതോ? എത്ര നല്ല ശമ്പളം! ഈ പരന്നുകിടക്കുന്ന ലോകമെല്ലാം പോയി കാണരുതോ? എന്തിന്നു ഞാൻ വിവരിക്കണം? ഇതാ നോക്കു. വായിച്ചു നോക്കു" അമ്മാവൻ കീശയിൽ തപ്പി ചില നീണ്ട നീലക്കടലാസ്സുകൾ എൻെറ നേക്കു നീട്ടി. സൈനിക സേവനത്തിലേക്കുള്ള ആഹ്വാനങ്ങളായിരുന്നു അതിലെ വാചകങ്ങൾ—അക്ഷരങ്ങൾ പോലും.

എൻെറ സംശയങ്ങളെല്ലാം നീങ്ങി. ആ കാക്കി അമ്മാവൻ ഒരു റിക്രൂട്ടിങ്ങ് ഏജണ്ടായിരുന്നു.

ആ പ്രസിദ്ധീകരണപ്പത്രികകളിലേക്ക് കിണ്ണോടിച്ചുകൊണ്ടു നിന്നിമേഷനായിനിന്നുപോയി. ചില നിമിഷങ്ങൾ കഴിഞ്ഞു എൻെറ ജീവിതത്തിലെ ഒരായിരം അനുഭവ വൈചിത്ര്യങ്ങൾ എൻെറ ഹൃദയരംഗത്തിൽ കൂടെ ഒന്നൊന്നായി വായുവേഗത്തിൽ ഉരുണ്ടിഴഞ്ഞു പോയി.

"എത്രയോ നാളുകൾ പള്ളിക്കൂട ഭിത്തികൾക്കുള്ളിൽ തയ്യാറെടുത്തു് സമരം നടത്തിയതിൻെറ ഫലമായിട്ടാണ് എനിക്കു ആ "സട്ടിഫിക്കെററ് പുസ്തകം" ഗവമ്മേണ്ടിൽ നിന്നും ലഭ്യമായതു്!!" ഓരോന്നും സാവകാശം ഞാൻ ചിന്തിക്കുവാൻ തുടങ്ങി.

"ഉപരി പഠനത്തിന്നായിപ്പോയി എൻെറ കൂട്ടുകാരിൽ പലരും. എനിക്കും രണ്ടുമൂന്നു പടികൾ കൂടി തത്തിക്കയറിയാൽ കൊള്ളാമെന്ന് ആശയുണ്ടായിരുന്നു. പക്ഷെ ആ കായ്യം പറയുമ്പോഴേക്കും—എന്തിന്ന്? ഓക്കുമ്പോൾ തന്നെ—ശുഷ്കമായ എൻെറ പണസഞ്ചി എന്നേ "കൊഞ്ഞനം" കാണിക്കുമായിരുന്നു."

മദ്രാസ് കൃസ്ത്യൻ കോളേജിൽനിന്നും എൻെറ സ്നേഹിതൻ മി. പണിക്കർ അയച്ചുതന്ന കത്തുകൾ—അവിടുത്തെ അത്യാകഷകങ്ങളായ അന്തരീക്ഷ സംവിധാനങ്ങളെ പരാമശിക്കുന്ന അതിലേ ഖണ്ഡികകൾ—വായിക്കുമ്പോൾ എൻെറ കണ്ണുകൾ നിറയും. വയറെരിയും. തല കറങ്ങുന്നതായിത്തോന്നും. ഏതാളശങ്ങളായ ഒരു ജീവിതസരണിയിൽ കൂടി എൻെറ ജീവിതത്തോണി പായിക്കുവാൻ സാമ്പത്തിക നില അനുവദിക്കാതിരുന്നതിൽ മനസ്സാ ഖേദിക്കും. വിധിയെ പഴിക്കും. "അരങ്ങേച്ചേരിപ്പണിക്കൻെറ തലേലെഴുത്തു അമുക്കിച്ചെരച്ചാൽ മാറുമോ" എന്നു എൻെറ അയൽവക്കത്തുള്ള ഒരു കെഴവി പലപ്പോഴും പറയാറുള്ള പഴഞ്ചൊല്ലോത്തു ദീർഘനിശ്വാസങ്ങളിടും.

മൂവാററുപുഴ എനിക്കു ഒരു ജോലി കിട്ടി. ഒരു പകരം ജോലി. ഒരു വഷത്തേക്ക്. അവിടത്തെ മേധാവിക്കു എന്തോ എന്നിൽ ഒരു അനുകമ്പ ഉദിച്ചിരുന്നു. ജോലിയിൽനിന്നും വിരമിക്കുന്ന അവസരത്തിൽ അദ്ദേഹം അവസാനമായി എന്നെ സമാശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു. വാചകങ്ങൾ ഇപ്പോഴും ഓക്കുന്നു, "വിഷമിക്കേണ്ടാ ഒരു മാസം കഴിഞ്ഞു ആലുവായിലേക്കു വരണം. കണ്ണൻ ദേവൻ കമ്പിനിയിൽ ഒരു ജോലി വാങ്ങിത്തരുവാൻ ഞാൻ വേണ്ടതു ഉത്സാഹിക്കാം" എന്ന്.

ആവശ്യപ്പെടാതെ തന്നെ ചെയ്തുള്ള വാഗ്ദാനത്തെ ഓത്തു് ഞാൻ മനസ്സാ ഈശ്വരനെ സ്തുതിച്ചു. തൊഴിലില്ലായ്മയാലുണ്ടാകാവുന്ന വിഷമതകൾ അനുഭവസ്ഥനല്ലെ അറിഞ്ഞുകൂടു.

മൂന്നാഴ്ചകൾക്കുശേഷം എനിക്കൊരു കത്തു കിട്ടി. എൻെറ ദുരദൃഷ്ടം എന്നല്ലാതെ എന്തു പറയട്ടെ! ആ വാഗ്ദാനദാതാവായ ആർദ്രഹൃദയൻ അവിടെനിന്നും സ്ഥലം മാറിപ്പോയതായി വിവരിച്ചുകൊണ്ടുള്ള കത്തായിരുന്നു അതു്. നിയമപരിധിക്കുള്ളിൽ കൂടെക്കൂടെ ഉണ്ടാകാറുള്ള ഈ "സാധാരണ ഭൂകമ്പം" അന്ന് കേവലം ആകസ്മികമായിട്ടാണ് സംഭവിച്ചതു്. എന്നിരുന്നാലും തൻെറ സ്ഥാനത്തേക്കു പുതുതായി വന്ന മദ്ധ്യ തിരുവിതാംകൂറുകാരനായ മാനേജരുടെ അടുക്കൽ എന്നെ സംബന്ധിച്ച ഭാരം ഭരമേല്പിക്കുവാൻ ആ കരുണാസമ്പന്നൻ വിസ്മരിച്ചില്ല.

പകലും രാത്രിയുമായി മാസങ്ങൾ രണ്ടു നീങ്ങി. ഞാൻ ആലുവായിലെത്തി. കമ്പിനി മാനേജരുടെ അടുക്കൽ എന്നെപ്പററി വേണ്ട ശുപാശകൾ ചെയ്തിട്ടുണ്ടെന്നും രാവിലെ ഒമ്പതു മണിക്കു ആഫീസിൽപോയി മാനേജർ സ്വാമിയെ കണ്ടാൽ മതിയെന്നും ആ പുതിയ മേധാവി എന്നെ അറിയിച്ചപ്പോൾ ആനന്ദംകൊണ്ട് എൻെറ ഉള്ളം തുടിച്ചുപോയി.

കണ്ണൻ ദേവൻ കമ്പിനിയിൽ ഒരു ഉദ്യോഗം. മനോഹരമായ ആലുവാ പട്ടണത്തിലെ താമസം സുന്ദരസ്വപ്നങ്ങൾ പലതും ഞാൻ ഉല്ലേഖനം ചെയ്തു.

സമയം തെററാതെ കമ്പിനി മാനേജരുടെ അടുക്കൽ ചെന്നു ഞാൻ. തടിച്ച ദേഹം. സോപ്പുഖണ്ഡം പോലെ "ഷേവു" ചെയ്തു് മിനുക്കിയ ചുക്കിച്ചുളിഞ്ഞ കവിൾത്തടങ്ങൾ. പെരുച്ചാഴിയുടേതുപോലെ ഉന്തി നില്ക്കുന്ന കണ്ണു

കൾ. നാസികാഗ്രത്തിലേക്കു തള്ളിവെച്ചിരിക്കുന്ന കണ്ണട. തനിക്കു തന്നെ അസഹ്യമായി തോന്നിത്തുടങ്ങിയിരിക്കുന്ന ചീത്ത "കുടവണ്ടി." എല്ലാം കൊണ്ടും മാനേജർ സ്വാമി ഒരു അസാധാരണ സൃഷ്ടിതന്നെ ആയിരുന്നു.

"മലതൊഴുവനെ"പ്പോലെ ഞാൻ വലിച്ചു വാരി ഒന്നു തൊഴുതു. വല്ലവിധത്തിലും ഒരു ഉദ്യോഗം കിട്ടുവാൻ എന്തു ചെയ്യുവാനും ഞാൻ സന്നദ്ധനായിരുന്നു.

ഉദ്യോഗാർത്ഥിയാണ് ഞാൻ എന്നു ആ മാനേജർ സ്വാമി എളുപ്പത്തിൽ മനസ്സിലാക്കി. എന്റെ പേരും മററു ചില ചില്ലറ ചോദ്യങ്ങളും അദ്ദേഹം എന്നോടു ചോദിച്ചു. തമിഴിൽ ചോദിച്ച ആ ചോദ്യങ്ങളിൽ ഒട്ടു മുക്കാലും എനിക്കു മനസ്സിലായേ ഇല്ല. ഇംഗ്ലീഷിൽ സംസാരിച്ചിരുന്നെങ്കിൽ! എന്നു ഞാൻ ആഗ്രഹിച്ചു. ഒരു ഒഴിഞ്ഞ കുഗ്രാമത്തിൽ ജനിച്ചു വളൎന്ന എനിക്ക് "തമിഴ്" അങ്ങാടിയൊ പച്ചമരുന്നോ എന്നു പോലും അറിഞ്ഞുകൂടായിരുന്നു.

"ഉനക്കു മൂട്ട ചുമ്മ മുടിയുമാ" മാനേജർ സ്വാമി എന്നോടു അവസാനമായി ചോദിച്ച ചോദ്യമതായിരുന്നു. ഞാൻ തലചുട്ട് ആലോചിച്ചു അതിന്റെ അൎത്ഥം മനസ്സിലാക്കുവാൻ. "ഉനക്കു" "മുടിയുമാ" എന്ന രണ്ടു പദങ്ങളുടെ അൎത്ഥം ഏതാണ്ടെനിക്കു മനസ്സിലായി. പക്ഷെ ആ "മൂട്ട ചുമ്മ" പിടികിട്ടാതെ എന്നിൽ നിന്നും അകന്നുനിന്നു. അവിടെയുള്ള എന്തോ ഒരു ഉദ്യോഗത്തിന്റെ പേരായിരിക്കാം അതു് എന്നു ഒടുവിൽ സമാധാനപ്പെട്ടു. അദ്ദേഹത്തെ ഒരു വിധത്തിലും മുഷിപ്പിക്കരുതെന്ന മുൻകരുതലോടെ ഞാൻ സാദരം ഒരു "ഏസ്സ് സർ" അടിച്ചു വിട്ടു.

വേലക്കാരൻ എന്നെ ഒരു ഹാളിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ഒരു ഭാഗത്തു പത്തുനൂറു വേലക്കാർ കൂമ്പാരം കൂമ്പാരമായി കൂട്ടിവെച്ചിരുന്ന അരിച്ചാക്കുകൾ തൂക്കി അടുക്കുന്ന ജോലിയിൽ ഏൎപ്പെട്ടിരുന്നു.

"അതാ ആ ചാക്കുകൾ ഇങ്ങോട്ടു നീക്കിയിടണം" അയാൾ എനിക്കു നിർദ്ദേശവും തന്നു.

ആവൂ! ഇപ്പോൾ എനിക്കു മനസ്സിലായി ആ പദദ്വയങ്ങളുടെ അൎത്ഥം!!

ഇത്ര അധികം ദയാനിധികളുടെ ശുപാൎശികൾക്കു ശേഷം എനിക്കു ലഭിച്ച പുതിയ ഉദ്യോഗം! കട്ടിക്കവറുകൊണ്ടു ഭംഗിയായി ബയണ്ടു ചെയ്തിരുന്ന എന്റെ "സട്ടിഫിക്കെററു പുസ്തകം" എനിക്കു സമ്പാദിച്ചു തന്ന ഉദ്യോഗം!!—"മൂട്ട ചുമ്മൽ."

മിന്നൽവേഗത്തിൽ പറന്നുപോയി എന്റെ ഹൃദയാന്തരംഗത്തിൽ കൂടി ഈ ചിന്താതരംഗപരമ്പരകൾ. ആ സമരാഹ്വാന പ്രസിദ്ധീകരണങ്ങളും ഏജൻറമ്മാവന്റെ ലഘുപ്രസംഗങ്ങളും എന്റെ ചിന്താസരണിയെ ഒന്നു കുലുക്കി. സമരസേവനാഹ്വാനം എന്നു മുതലേ ഞാൻ കേട്ടു തുടങ്ങിയതാണ്. പക്ഷെ അന്നുണ്ടായതുപോലെ ഒരു കടന്നചിന്തയ്ക്കു് ഇടയുണ്ടായിട്ടില്ലായിരുന്നു.

"എന്തിന്ന് ഇവിടെക്കിടന്നു ചാകണം? സമരസേവനത്തിന്നായിപ്പോകരുതോ? ഈ പരന്നു കിടക്കുന്ന ലോകം എല്ലാം പോയി കാണരുതോ?" വീട്ടിൽ എത്തിയതിന്നു ശേഷവും അമ്മാവന്റെ ആ ചോദ്യങ്ങൾ എന്നെ വലയം ചെയ്തുകൊണ്ടിരുന്നു.

ഉറങ്ങുവാൻ കിടന്നപ്പോഴും ഏജൻറമ്മാവനെപ്പോലെ ഞാനും ആമോദിക്കുവാൻ തുടങ്ങി എന്നോടു തന്നെ: "എന്തിനു് ഇവിടെക്കിടന്നു ചാകുന്നു? സമരസേവനത്തിന്നായി പോകരുതോ?" എന്നു്.

അന്നു് ഒരു "മൂട്ട ചുമ്മൽ" ഉദ്യോഗം കിട്ടി. ഇന്നിതാ ഒരു പട്ടാളക്കാരനും.

ഇന്നും ചിലപ്പോഴെല്ലാം ആ "മൂട്ട ചുമ്മൽ" ഉദ്യോഗത്തിന്റെയും ഏജൻറമ്മാവന്റെയും കഥ ഞാൻ ഓർക്കാറുണ്ട്. എങ്ങിനെ ഓർക്കാതിരിക്കും?

# മറുകത്ത്

(കെ. ജി. സേതുനാഥ്)

വിജയിക്ക മദീയരാഗ വെൺ
ധ്വജമേ, ഭാഗ്യലസൽ പ്രഭാവമെ!
ഭടനായ ഭവാന്റെകത്തിനെ
സ്ഫുടഹർഷാംഗ മദീക്ഷ ചെയ്തു ഞാൻ.

ജലദചരവിപോ, ലൊരായിരം
നലമേറുന്ന നവീന ചിന്തകൾ
വിരവാർന്നു വിടൎന്നടർന്നു പോയ്
വിഫലം, മാമകസ്വപ്ന സഞ്ചയം.

വരുമി,ന്നിന്നി, നാളെ യീവിധം
വളരെക്കാല മഹോ, കടന്നുപോയ്
പലരും വരവായി നാട്ടിനോ-
ടവരെല്ലാം ബഹുമാന മാൎന്നവർ.

കൊതിവററി വരണ്ട കണ്ണിലാ-
നിധികുംഭം പകരുന്ന വാസരം
ക്ഷമയററു കാത്തു് വാഴ്‌വു ഞാൻ
കമനീയാംഗ, ഭവാഗമോത്സവം!!

ഇവിടെ പലതും വിശേഷമു-
ണ്ടവിരാമോല്ലസ കാമ്യദങ്ങളായ്
അവയൊക്കെയു മിങ്ങു നമ്മളൊ-
ത്തമരുമ്പോൾ പറയാം കൃപാനിധേ!

വെടിയുണ്ടകൾ രണ്ടു കണ്ണിലും
പൊടിപാററിപ്പതറുന്ന ഭൂതലം
പ്രിയദൎശന! കണ്ടിടുന്നു ഞാൻ
ഭയമേറുന്ന പടപ്പുറപ്പുകൾ!

തലയോട്ടുകളും, തനുക്കളും
മലപോൽ കുന്നിടുമാ രണക്കളം
വിലപെററ സതീശതാത്മ, സം-
കലിതോത്ക്കണ്ഠ നിമഗ്ന മല്ലയോ?

ശകലീകൃത യോധ പാളികൾ
ശമസായൂജ്യത യാൎന്നു പുൽകിടും
തുമുലാരവ സാന്ദ്രവേദിയിൽ
മമതാശ്ലേഷിതമിന്നുകല്ലി, നീ!....?

ചിര ഭാഗ്യമെനിക്കു, നിമ്മനോ-
ഹരദാമ്പത്യ പദം ലഭിക്കയാൽ;
സുലഭം കൃത, മെന്നു ചൊല്ലുവോർ
ഖലർ—ഞാൻ, നാഥ യഭാഗ്യയല്ലയോ?

മണമേറിന മാധവീലത-
ത്തണലും ചാരുശരച്ശശാങ്കനും
മഹിതം ഭവദങ്കതല്പവും
മയി! സ്വച്ഛീയരസം പൊഴിക്കവെ,

മണിമച്ചിലിലഞ്ഞ് നിദ്രപൂ-
ണ്ടണി രാഗാദ ഭവേംഗിതജ്ഞ ഞാൻ
മദിരോത്സവ മഞ്ജുളങ്ങളാം
സദിര, ന്നെത്ര രചിച്ചിരിക്കണം.?

ഉയരുന്ന വികാരധാരയാ-
ലുരുകുന്നുണ്ടു മദീയ മാനസം
പ്രിയകാന്ത, ഭവൽ പ്രവാസ മി-
പ്രമദശ്ലേഷത്തു് ദുരന്ത പൂരിതം?,

നയനാം ബുവിൽ മാറിടം സദാ-
കഴകിക്കൽ പരാ മുഖാൎത്തയായ്
നളിനാക്ഷ കിനാവിലങ്ങയെ-
പ്പുണരാതില്ലൊരു രാവു പോലുമെ!

അകലെക്കുളിരാററു കാവി-
ലമ്പല, ശംഖുധ്വനി നാൾക്കുനാൾക്കയേ!
മദനോപമ, മന്ദഭാഗ്യയെൻ;
മരണോദഗ്രാഹ രവാനുഭൂതമായ്.

മദനന്റെ നിവാസരംഗമെ!
മണമേലുന്ന ലതാ നികുഞ്ജമേ!
മദനന്ത സുഖാസവങ്ങൾ നിൻ
മലരിന്നുള്ളി ലൊളിഞ്ഞിരിക്കയാം.

സരളം, "മിനി" യെന്നു ചൊല്ലിയീ-
സദനോപാന്ത മലങ്കരിച്ചിതാ
മുട്ടപഞ്ജര ബദ്ധ യെങ്കിലും
ശുകമേകുന്നു ഭവൽ പ്രതീതികൾ.

അരുവിസലിലം പകൎന്നു ഞാ-
നലസം പോരു മുഷസ്സിലൊക്കയും
അനുരാഗ പരാഗ ദൃഷ്ടിയാ-
ലവിടന്നങ്ങിനെ നോക്കി നില്പതും;

മധുതിങ്കളു മന്തിവിൺ മല-
ച്ചരുവും, ഹേമധരങ്ങൾ വീഴ്ത്തതും
മലയാനില നന്നു നമ്മൾ തൻ
മധുകാലം മധുരീകരിപ്പതും;

സുഖദം, സുഖദം, സുമോഹനം
മഖസായൂജ്യ മരന്ദ ശേഖരം
വിഗതാശയ ഞാൻ, മറക്കുമോ!
സുഗമം നിൻ സഹവാസ വാസരം?

പുതുസന്ധ്യകൾ, പൂക്ഷ്യഭൂതിയാൽ
പുളകപ്പൊന്നല പൂണ്ട രാവുകൾ;
വിരഹാൎത്തിയിലിട്ടു നീററുമെൻ
വിവശാംഗം കൃശമായി തേദശം.

സുഖഭോഗ്യ ശതങ്ങൾ തിങ്ങുമി-
ഭൃഗുരാജ്യം മതിരമ്യസുന്ദരം,
ഭഗരാശി നിരന്ന നീലവൻ-
ഗഗനഛായകളാൽ പ്രഭാസുരം.


കുയിൽ, വായസ, മത്ര തത്തകൾ
കുരുവിക്കൂണുകൾ, പീണി, പുളളുകൾ.
കുതുകാരവഹൎഷമേററു മി-
ശ്മല, നാടങ്ങു മറന്നുപോയിതോ?

കനകാഭകലൎന്ന കമ നെൽ-
ക്കതിർ ചൂടും വയലും വനങ്ങളും,
കള കാകളി മുളുമോമന-
ക്കുളുർ കല്ലോലിനിയും, കുളങ്ങളും!!

വിരഹാ കുല ഞാൻ സഹിക്കുമീ-
വിധമെല്ലാം ഭവദന്തരംഗവും
വിവദിക്കുകയില്ലയോ, ശ്രമം
വിഗണിക്കും ചില വിശ്രമങ്ങളിൽ?

അനുഭൂതികളുസ്സുമിക്കയാ-
ലടിമപ്പെട്ടൊരു മാതൃ ഭൂവിനെ;
അപരാപ്രത ഹസ്ത മുക്തമാ-
മതുല ശ്രീ യരുളട്ടെ, നിൻകരം!!

മുകുളീകൃത ഭാഗധേയമെ!
മുഴമിക്കുന്നു; മദീയ ലേഖനം
മലയാള മഹീതലത്തു നിൻ-
മനമൊന്നിങ്ങു തിരിക്കണേ ഭവാൻ!!..



ടോക്കിയോവിന്നു മേലെ ധൂമപടലം—സൂപ്പർഫോട്ട് വിമാനങ്ങളുടെ വീരകൃത്യം.




ബൎമ്മയിൽ ജാപ്പാൻെറ വിധി



ഡാഗർ ഡിവിഷൻ മാണ്ടലയെ തകൎക്കുന്നു

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.